പുഷ്പവൃഷ്ടി

തിക്കോടിയൻ

പുഷ്പവൃഷ്ടി

തിക്കോടിയൻ

SAYAHNA FOUNDATION

Pushpavrsḥti (പുഷ്പവൃഷ്ടി)
(Malayalam: Play)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Duck houses* (1911–1914), by August Haake (Maler) (1889-1915). The image has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 രംഗം 1 2
2 രംഗം 2 8
3 രംഗം 3 12
4 രംഗം 4 16
5 രംഗം 5 24

പുഷ്പവൃഷ്ടി

ധർമം നശിച്ചുപോയാലോ
ചരാചരജഗത്ത്രയം
സുരർഷിഗണമൊത്തെല്ലാം
തീർച്ചയായും നശിച്ചുപോം.

— 1 —

രംഗം 1

യവനിക നീങ്ങാൻ തുടങ്ങുന്നതിനു മുൻപ് പശ്ചാത്തലത്തിൽ സംഘഗാനം ആരംഭിക്കണം. രാമനെയും രാമന്റെ കീർത്തിചന്ദ്രികയേയും പ്രകീർത്തിക്കുന്നതായിരിക്കണം സംഘഗാനം. ഗാനം അതിന്റെ പരമകാഷ്ഠയിലെത്തുമ്പോൾ യവനിക പതുക്കെപ്പതുക്കെ നീങ്ങാൻ തുടങ്ങുന്നു.

രാജധാനിയിലെ കമാനങ്ങളും ചിത്രത്തൂണുകളുമാണ് പ്രത്യക്ഷപ്പെടുന്നത്. വരിവരിയായി നില്ക്കുന്ന ചിത്രത്തൂണുകൾക്കിടയിൽ ഇരുവശത്തും ശരീരം പാതിമറഞ്ഞ നിലയിൽ കൊട്ടാരത്തിലെ കാവല്ക്കാർ വലിയ കുന്തവും പിടിച്ചു നില്ക്കുന്നു. രംഗത്തിന്റെ വലത്തുവശത്തുടെ ലക്ഷ്മണനാൽ അനുഗതനായ രാമൻ പതുക്കെ പ്രവേശിക്കുന്നു. കാവല്ക്കാർ തലചായ്ച്ചു ഭക്തിബഹുമാനപുരസ്സരം അഭിവാദ്യങ്ങളർപ്പിക്കുന്നു. കൊച്ചുകൊച്ചു പടവുകൾ കേറിക്കൊണ്ടു തന്റെ ഭദ്രാസനത്തിലെത്തി രാമൻ ഇരിക്കുന്നു. ലക്ഷ്മണൻ ഒരുവശത്തു മാറിനില്ക്കുന്നു. കാവൽഭടന്മാർ താണുതൊഴുതു പിന്മാറിപ്പോകുന്നു. പശ്ചാത്തലത്തിൽ അപ്പോഴും സംഘഗാനമുണ്ട്; പതിഞ്ഞ മട്ടിൽ

രാമൻ: (അല്പനേരത്തെ മൗനത്തിനുശേഷം ഒരു നെടുവീർപ്പോടെ സ്വയം പറയുന്നു.) കുമാരന്മാരുടെ അഭിഷേകം കഴിഞ്ഞു. അവർ കിരീടം ധരിച്ചു. അവരവർക്കധികാരപ്പെട്ട രാജ്യത്തേക്ക് പോവുകയും ചെയ്തു. അയോധ്യ പിന്നെയും ശൂന്യതയിലാണ്ടു. (ലക്ഷ്മണനോടെന്നവിധം അല്പം ഉച്ചത്തിൽ) വസന്തം കഴിഞ്ഞ പൂവാടിപോലെ ഈ അയോധ്യ ക്രമേണ അസുന്ദരമായിത്തീരുന്നു; ഇല്ലേ ലക്ഷ്മണാ?

ലക്ഷ്മണൻ: (രാമന്റെ മുഖത്തു പകച്ചു നോക്കുന്നു) അവിടുന്നരുളിച്ചെയ്തതിന്റെ പൊരുളടിയനു മനസ്സിലായില്ല. അതിവിസ്തൃതമായ ഈ ഭൂമണ്ഡലം മുഴുവനും ഇന്നു രാമഭദ്രന്റെ വരുതിയിലാണ്. ആർക്കും ഒരതൃപ്തിയില്ല. സാമന്തന്മാർ ഇച്ഛാനുവർത്തികളാണ്. ഒരു രാജാധിരാജന് ഇതിലേറെ എന്തു കൊതിക്കാനുണ്ട്.

രാമൻ: (അടക്കിപ്പിടിച്ച സ്വരത്തിൽ) എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തൊരവസ്ഥ. മഹായുദ്ധങ്ങളുടെ അനുഭവം നല്കുന്ന ഈ സമാധാനത്തെ ഞാൻ വെറുക്കുന്നു. ഈ അയോധ്യ ഇന്നെന്താണ്, ലക്ഷ്മണാ?

ലക്ഷ്മണൻ: ശ്രീരാമഭദ്രന്റെ സാന്നിധ്യംകൊണ്ടു പരിപാവനമായൊരു മഹാക്ഷേത്രം.

രാമൻ: എന്റെ സാന്നിധ്യം നിങ്ങൾക്കൊക്കെ സന്തോഷം നല്കുന്നുണ്ടാവാം. സമാധാനവും സംതൃപ്തിയും നല്കുന്നുണ്ടാവാം. പക്ഷേ, എന്റെ ഹൃദയം, അതനുഭവിക്കുന്ന വേദനകളും അതുൾക്കൊള്ളുന്ന സ്മരണകളും... ഈ രാമനല്ലാതെ മറ്റാരുമറിയുന്നില്ല. (എഴുന്നേല്ക്കുന്നു. വിചാരമഗ്നനായി മുൻപോട്ടു വരുന്നു. ഒന്നും മിണ്ടാതെ അങ്ങോട്ടുമിങ്ങോട്ടും സാവകാശം നടക്കുന്നു. അല്പം കഴിഞ്ഞു തന്നോടെന്നവിധം പറയുന്നു.) രാമഭദ്രൻ! രാമഭദ്രൻ! എല്ലാവരുടെ നാവും ആ നാമധേയം ഉച്ചരിക്കുന്നു. ധർമം, സത്യം, നീതി എന്നിവയുടെ പര്യായമായി ജനങ്ങളതിനെ കണക്കാക്കുന്നു. (അടുത്തു വന്നുനില്ക്കുന്ന ലക്ഷ്മണന്റെ നേർക്കു തിരിഞ്ഞു) പക്ഷേ, എന്റെ ഉറ്റ സഹചാരിയും വലങ്കയ്യുമായ നീ കൂടി എനിക്കൊരു ഹൃദയമുള്ള കാര്യം മറക്കുന്നു.

ലക്ഷ്മണൻ: (വികാരാധീനനായി) ജ്യേഷ്ഠാ, (പെട്ടെന്നു തെറ്റുതിരുത്തി.) മഹാപ്രഭോ...

രാമൻ: (ഇടയിൽക്കടന്നു തടഞ്ഞുകൊണ്ട്) ജ്യേഷ്ഠനെന്നുതന്നെ വിളിക്കു ലക്ഷ്മണാ. ആ പഴയകാലം തിരിച്ചുവരട്ടെ, മഹാരാജാവെന്ന വിളികേട്ടു എനിക്കു മടുത്തു. ഉറ്റവർ കൂടി മഹാരാജാവെന്നു വിളിക്കാൻ തുടങ്ങിയാൽ ഗതിയെന്താണ്? ഞാൻ നിങ്ങളിൽനിന്നൊക്കെ വളരെ അകന്നുപോയി. ഇനിയതു വയ്യ. ഞാൻ നിനക്കും ഭരതശത്രുഘ്നന്മാർക്കും ജ്യേഷ്ഠനാണ്. കുശലവന്മാർക്ക് അച്ഛനാണ്. ജ്യേഷ്ഠനെന്നും അച്ഛനെന്നും വിളിച്ചു കേൾക്കാനാണെനിക്കിഷ്ടം. ഭക്തിബഹുമാനങ്ങളല്ല, സ്നേഹമാണെനിക്കാവശ്യം. അതു തരാൻ നിങ്ങൾ തയ്യാറുണ്ടോ? ഉണ്ടോ, ലക്ഷ്മണാ?

ലക്ഷ്മണൻ: അവിടുത്തെ ഹിതത്തിനുവേണ്ടി മാത്രം ജീവിക്കുന്നവരാണ് ഞങ്ങൾ.

രാമൻ: (പതിഞ്ഞ സ്വരത്തിൽ) പതിവില്ലാത്തവിധം ഞാനിന്നു വികാരാധീനനായിരിക്കുന്നു. കഴിഞ്ഞ കാര്യങ്ങൾ പലതും എന്റെ ഹൃദയത്തിലേക്ക് ഇഴഞ്ഞുകയറിവരുന്നു. (അകലെ ചൂണ്ടിക്കാട്ടി) അതാ, കൊട്ടാരങ്ങളോരോന്നും ഹൃദയവേദനയുടെ കൂടാരംപോലെ കാണപ്പെടുന്നു. (സൂക്ഷിച്ചുനോക്കി) അതല്ലേ, കൈകേയി മാതാവിന്റെ കൊട്ടാരം?

ലക്ഷ്മണൻ: അതേ, ജ്യേഷ്ഠാ.

രാമൻ: (കൊട്ടാരത്തിനുനേരെ സൂക്ഷിച്ചുനോക്കി തെല്ലിട മൗനിയായി നില്ക്കുന്നു. ഒരു നെടുവീർപ്പോടെ തുടരുന്നു.) നമ്മുടെ അമ്മമാരൊക്കെ ഇന്നു സ്വർഗത്തിൽ വിശ്രമം കൊള്ളുന്നു. ആ കൊട്ടാരങ്ങളുടെ മണിമുറ്റങ്ങൾക്ക് നമ്മെ സംബന്ധി

ച്ച് എന്തൊക്കെ കഥകൾ പറയാനുണ്ടാവും? (കൈ ചൂണ്ടി ലക്ഷ്മണൻ ഓരോന്നും പ്രത്യേകം കാട്ടിക്കൊടുത്തുകൊണ്ട്.) അതാ, വഴിക്കുവഴി മൂന്നമ്മമാരുടെ കൊട്ടാരം. കളിമുറ്റം, പൂവനം, കളിപ്പൊയ്ക — എല്ലാം അന്നെന്നപോലെ ഇന്നും മാറ്റമില്ലാതെ നിലക്കൊള്ളുന്നു.

ലക്ഷ്മണൻ: ഇന്നും ആ കളിപ്പൊയ്കയിൽ താമരമൊട്ടുകൾ വിടരുന്നു.

രാമൻ: പൂർണിമരാവുകളിൽ പൂനിലാവ് വള്ളിക്കുടിലിൽ വിശ്രമം കൊള്ളുന്നു. കൈകേയിമാതാവിന്റെ കൊട്ടാരത്തിനു മുമ്പിൽ അടിമുടി പൂവണിഞ്ഞു നില്ക്കുന്ന ആ അശോകമില്ലേ-

ലക്ഷ്മണൻ: എന്നും അതിന്റെ തണലിലായിരുന്നു ഞാനും ജ്യേഷ്ഠനും കളിക്കാറ്.

രാമൻ: : അതേ, ഭരതശത്രുഘ്നന്മാർ താമരപ്പൊയ്കയുടെ തീരത്തായിരിക്കും. (ലക്ഷ്മണന്റെ തോളിൽ കൈ വെക്കുന്നു.)

ലക്ഷ്മണൻ: (ബാല്യകാലസ്മരണകൊണ്ടു മറ്റൊക്കെ മറന്നു രാമനോടു ചേർന്നു നില്ക്കുന്നു.) നമ്മൾ ആ അശോകത്തണലിലും.

രാമൻ: നാം വളർന്നില്ലെങ്കിൽ — ഇന്നും അതുപോലെ അശോകത്തണലിലിരുന്നു കളിക്കും. അമ്മമാർ അകത്തുനിന്ന് അതു കണ്ടു സന്തോഷിക്കും. അച്ഛന്റെ കണ്ണിൽ ആനന്ദബാഷ്പം നിറയും. (അല്പനിമിഷം കൊട്ടാരങ്ങളിലേക്കുറ്റുനോക്കിനിന്ന്, ലക്ഷ്മണന്റെ തോളിൽ വെച്ച കൈ അറിയാതെ പിൻവലിച്ച് വീണ്ടും ആലോചനാമഗ്നനായി നടക്കുന്നു.) കളിക്കോപ്പുകളെച്ചൊല്ലി പിണങ്ങിയും വേഗത്തിലിണങ്ങിയും തമ്മിലാശ്ലേഷിച്ച് കഴിഞ്ഞ ആ കാലം സുഖസമൃദ്ധമായിരുന്നു. എല്ലാം പരാജയപ്പെടുത്തിയത് എന്റെ ഈ തലയാണ്.

ലക്ഷ്മണൻ: (അന്തംവിട്ടു രാമനെ നോക്കിനില്ക്കുന്നു.)

രാമൻ: (സ്വയം പറയുന്നു.) ഈ തല വളരാൻ തുടങ്ങി. കിരീടത്തിന്റെ വലുപ്പത്തിനു പാകമായി. അന്നുതൊട്ടു ക്ലേശങ്ങൾ ഓരോന്നായി എന്റെ ജീവിതത്തിലേയ്ക്കു കടന്നു വന്നു. തിരിഞ്ഞുനോക്കുമ്പോൾ ആ കടുത്ത കൂരിരുട്ടിൽ ഒരേയൊരു തങ്കരേഖ കാണുന്നുണ്ട്. അതെന്താന്നറിയാമോ?

ലക്ഷ്മണൻ: ജ്യേഷ്ഠൻ തന്നെ പറയണം.

രാമൻ: എന്റെ അനുജൻ ലക്ഷ്മണൻ അതാണാ തങ്കരേഖ... അശോകത്തണലിലെ എന്റെ കൂട്ടുകാരൻ ജീവിതത്തിലിന്നോളമെന്നെ പിരിയാതെ നിന്നു. ഏതാപത്തിലും നിഴലുപോലെ പിൻതുടർന്നു. ഇല്ല, ലക്ഷ്മണാ, നിന്നെ പിരിഞ്ഞൊരു ജീവിതം ആലോചിക്കാൻതന്നെ വയ്യ. (നിശ്ശബ്ദനായി വിചാരമഗ്നനായി നടക്കുന്നു.) ഇന്നിതാ, ഈ ഏകാന്തതയിലും എന്റെ മഹാഭാഗ്യംപോലെ നീ അടുത്തു നില്ക്കുന്നു.

ലക്ഷ്മണൻ: എല്ലാം അവിടുത്തെ അനുഗ്രഹം, ആഗ്രഹം. ഞാനൊരുപകരണം മാത്രം.

രാമൻ: സഹോദരസ്നേഹത്തിന്റെ വിശിഷ്ടമാതൃകയാണ് നീ. രാക്ഷസന്മാരെ ജയിച്ച രാമനെ, ഒരുപക്ഷേ, ലോകം മറന്നേക്കും. ബഹുജനഹിതത്തിനുവേണ്ടി പ്രാണപ്രേയസിയെ കാട്ടിലുപേക്ഷിച്ച രാമന്റെ ചരിത്രത്തെ ജനങ്ങൾ വിസ്മരിച്ചെന്നുവരും. പക്ഷേ; ലക്ഷ്മണാ, നിസ്വാർഥമായ നിന്റെ സേവനം, നിഷ്കാമമായ നിന്റെ സ്നേഹം— അതെന്നെന്നും ലോകം പുകഴ്ത്തും.

ലക്ഷ്മണൻ: ജ്യേഷ്ഠനിന്നു വളരെയധികം വികാരാധീനനായിത്തീർന്നിക്കുന്നു. കാരണം മനസ്സിലാവുന്നില്ല;

രാമൻ: ഞാൻ പറഞ്ഞില്ലേ, ലക്ഷ്മണാ, നിങ്ങളാരും എന്റെ ഹൃദയം കാണുന്നില്ലെന്ന്. അതിലെ കോളിളക്കങ്ങളും ചുഴികളും നിങ്ങൾക്കജ്ഞാതമാണ്. അനുനിമിഷം അതിൽനിന്നുയരുന്ന ഗദ്ഗദങ്ങൾ നിങ്ങൾ കേൾക്കുന്നില്ല (കൂടുതൽ വികാരാധീനനായി) ഈ കിരീടം, ഈ ചെങ്കോൽ ഈ രത്നസിംഹാസനം— ഇതു മാത്രമാണ് നിങ്ങൾ കാണുന്നത്. കേൾക്കുന്നതോ? രാമഭദ്രന്റെ കീർത്തിചന്ദ്രികയെപ്പറ്റി വന്ദികൾ പാടുന്ന സ്തുതിഗീതങ്ങൾ! (പശ്ചാത്തലത്തിലെ സംഘഗാനം അല്പനിമിഷം ഉച്ചത്തിലാവുന്നു. അതു ക്രമേണ അകന്നകന്ന് ഇല്ലാതാവുന്നു.) പക്ഷേ, എന്റെ കണ്മുൻപിൽ പരന്നുകിടക്കുന്നത് അശാന്തിയുടെ മണലാരണ്യമാണ്. എന്റെ കാതുകളിൽ മുഴങ്ങുന്നതോ, ശൂന്യതയുടെ സംഗീതവും!

ലക്ഷ്മണൻ: ലോകചരിത്രം അങ്ങയെപ്പോലൊരു സമ്രാട്ടിന്റെ കഥ ഇന്നോളം രേഖപ്പെടുത്തിയിട്ടില്ല. ഇനി രേഖപ്പെടുത്തുകയുമില്ല.

രാമൻ: ഒരിക്കലുമതു സംഭവിക്കാതിരിക്കട്ടെ!

ലക്ഷ്മണൻ: ധർമ്മത്തിനു വേണ്ടി ഇങ്ങനെ വീറോടെ പടവെട്ടിയ ഒരു സാമ്രാട്ടുണ്ടായിട്ടില്ല.

രാമൻ: തന്നോടുതന്നെ പടവെട്ടി തോറ്റ മറ്റൊരു സമ്രാട്ടും. ലക്ഷ്മണാ, ലോകവിജയിയായ രാമൻ ഭീമമായൊരു പരാജയമാണെന്ന സത്യം എന്തിനു മറച്ചുവെക്കണം? അശ്വമേധം വാജപേയം, ദശഗുണം, അഗ്നിഷ്ടോമം എന്നിങ്ങനെ എത്രയെത്ര യാഗങ്ങൾ ഈ രാമൻ നടത്തി! അന്നൊക്കെ രാമന്റെ വാമഭാഗമലങ്കരിച്ചത് ഒരു സ്വർണ്ണപ്രതിമയായിരുന്നു. (മുഖത്ത് കലശലായ ദുഃഖം സ്ഫുരിക്കുന്നു; വാക്കിലും) രാമൻ അവിവാഹിതനായിരുന്നോ? രാമൻ വിധുരനായിരുന്നോ? (വികാരാധിക്യത്തോടെ ലക്ഷ്മണനെ സമീപിച്ച്) ഈ രാമൻ— നിന്റെ ജ്യേഷ്ഠൻ— വിധിയാംവണ്ണം വിവാഹം കഴിച്ചിരുന്നില്ലേ? സദ്ഗുണസമ്പന്നയായ ഒരു ധർമ്മപത്നി— ഈ രാമനുണ്ടായിരുന്നില്ലേ... ഇല്ലേ ലഷ്മണാ? നീയെന്താണൊന്നും പറയാത്തത്? നിന്റെ ജ്യേഷ്ഠന്റെ പരാജയം മറ്റാരേക്കാളും നിനക്കറിയാം.

ലക്ഷ്മണൻ: (ഉത്തരം പറയാൻ വയ്യാതെ വിഷമിക്കുന്നു.)

രാമൻ: (മൗനനമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. അല്പം കഴിഞ്ഞു) രാമഭദ്രന്റെ കീർത്തി! പ്രജാവാത്സല്യം ധർമ്മ നിഷ്ഠ! ഓ! ഈ നിന്ദാസ്തുതികളൊക്കെ

ഞാൻ സഹിക്കേണ്ടി വന്നു. ഇന്നു രാമൻ മുത്തൊഴിഞ്ഞ ചിപ്പിയാണ്... ഈ കിരീടത്തിലും സിംഹാസനത്തിലും നിറയെ മുള്ളാണ്... അയോധ്യ കാടാണ്... ഭയങ്കരമായ ഏകാന്തത പതുക്കെപ്പതുക്കെ എന്നെ വിഴുങ്ങുകയാണ്. (കഠിനമായ വേദനയോടെ) ലക്ഷ്മണാ ആലപിച്ചു കഴിഞ്ഞ ഒരു രാഗമാണിന്ന് നിന്റെ ജ്യേഷ്ഠൻ!

ലക്ഷ്മണൻ: (കണ്ഠമിടറി) ജ്യേഷ്ഠാ...

രാമൻ: എല്ലാമൊന്നു തുറന്നുപറഞ്ഞു ഹൃദയഭാരം കുറയ്ക്കാൻ ഞാനിന്നൊരുമ്പെട്ടതാണ്. എനിക്കീഭാരം താങ്ങാൻകഴിയുന്നില്ല (പതുക്കെ നടന്നു സിംഹാസനത്തിൽ ചെന്നിരിക്കുന്നു. നെറ്റിത്തടം കൈകൊണ്ട് താങ്ങുന്നു.)

ഒരു കാവൽഭടൻ പ്രവേശിച്ചു തൊഴുതുകൊണ്ടു പറയുന്നു.

ഭടൻ: മഹാപ്രഭോ, ഒരു താപസൻ കൊട്ടാരത്തിലേക്കെഴുന്നള്ളുന്നുണ്ട്.

രാമൻ: (താപസൻ എന്ന വാക്കു കേട്ടതും മുഖമുയർത്തി വികാരം നിയന്ത്രിച്ചു കൊണ്ട് ചോദിക്കുന്നു.) താപസനോ... ലക്ഷ്മണാ, വേഗം ചെന്ന് എതിരേറ്റു കൂട്ടിക്കൊണ്ടുവരു. താപസന്മാർക്ക് മാർഗവിഘ്നം വരുത്തരുതല്ലോ.

ലക്ഷ്മണനും ഒപ്പം കാവൽഭടനും പുറത്തേക്കു പോകുന്നു. രാമൻ തനിച്ചാവുന്നു. ഈ നേരമത്രയും മുഖത്ത് നിഴലിച്ച വിഷാദം കഴിയുന്നതും മാറ്റാനുള്ള ശ്രമം നടക്കുകയാണ്. അല്പനിമിഷം കഴിഞ്ഞ് അകലത്ത് താപസനെ കാണുകയും എഴുന്നേറ്റു രംഗത്തിന്റെ ഒരു ഭാഗത്തേക്കു പതുക്കെ ചെല്ലുകയും സ്വാഗതം ചെയ്യാനൊരുങ്ങിനില്ക്കുകയും ചെയ്യുന്നു.

താപസൻ: (കടന്നുവന്ന് കൈ പൊക്കി ആശീർവദിക്കുന്നു.) കുശലീഭവ!

രാമൻ: (താപസനെ മുന്നോട്ടാനയിച്ചു ഭദ്രാസനത്തിൽ കൊണ്ടുചെന്നിരുത്തി താനും ഇരിക്കുന്നു.) അങ്ങ് ഏത് തപോവനത്തെ സാന്നിധ്യംകൊണ്ട് ശുദ്ധീകരിക്കുന്നെന്നും പാദസ്പർശംകൊണ്ട് ഇപ്പോൾ അയോധ്യയെ അനുഗ്രഹിക്കാൻ തുനിഞ്ഞത് എന്തിനെന്നും അറിയാൻ രാമൻ പ്രാർഥിക്കുന്നു.

താപസൻ: ഞാൻ ഒരു ദിവ്യർഷിയുടെ ദൂതനാണ്.

രാമൻ: ദിവ്യർഷിയുടെ ദൂതനോ? എങ്കിൽ ആ പുണ്യശ്ലോകനേതെന്നും അദ്ദേഹത്തിന്റെ സന്ദേശമെന്തെന്നുമറിയാൻ ബദ്ധപ്പാടായി മഹാമുനിയുടെ ഇംഗിതം നിറവേറ്റാനാണ് രാമനീ മുടി ചൂടുന്നത്.

താപസൻ: അതു സർവവിദിതമായ പരമാർഥമാണ്. സന്ദേശമറിയിക്കുന്നത് ചില നിബന്ധനകളോടുകൂടിമാത്രം.

രാമൻ: എന്താണാവോ നിബന്ധനകൾ?

താപസൻ: സന്ദേശം എത്രയും രഹസ്യമായി അറിയിക്കേണ്ടതാണ്.

രാമൻ: മറ്റൊരു ചെവി കേൾക്കാതെ, അക്കാര്യം സാധിക്കാം.

താപസൻ: മാത്രമല്ല, നാം സംഭാഷണത്തിലേർപ്പെട്ടാൽ സംഭാഷണ സ്ഥലത്ത് മറ്റാരും വരാൻ പാടില്ല.

രാമൻ: ആരും വരില്ല കർശനമായ് നിയന്ത്രിക്കാം.

താപസൻ: അതുകൊണ്ടുമായില്ല, നിയന്ത്രണങ്ങൾ ലംഘിച്ച്...

രാമൻ: (ഇടയിൽ കടന്നു) എന്റെ നിയന്ത്രണം ലംഘിക്കുകയോ?

താപസൻ: (ശ്രദ്ധിക്കാതെ) അവിചാരിതമായി, ആകസ്മികമായി, വല്ലവർക്കും അങ്ങനെ ചെയ്യേണ്ടിവന്നാൽ...

രാമൻ: ചെയ്യേണ്ടിവന്നാൽ?

താപസൻ: കാര്യത്തിന്റെ ഗൗരവം ഉറപ്പിക്കാൽ ആദ്യംതൊട്ട് ഞാൻ ഒന്നുകൂടി പറയും. നാം സംഭാഷണത്തിലേർപ്പെട്ടിക്കുമ്പോൾ ആരും അവിടെ വല്ലവരും പാടില്ല; വല്ലവരും വന്നാൽ അവരെ സ്വന്തം കൈകൊണ്ടു വധിക്കണം.

രാമൻ: (ചെറുതായൊന്നു ഞെട്ടുന്നു. ഉടനെ വികാരത്തെ മറച്ചു പിടിച്ച് അല്പമൊരു മന്ദഹാസത്തോടെ പറയുന്നു.) ഇത്രയും ഗുരുതരമായൊരു നിബന്ധന സ്വീകരിപ്പിക്കുന്നത് എന്തിനെന്നു മനസ്സിലായില്ല.

താപസൻ: അങ്ങ് ഈ നിബന്ധന സ്വീകരിച്ചല്ലാതെ, സന്ദേശം അറിയിക്കാൻ പാടില്ലെന്നാണ് മഹാമുനിയുടെ കല്പന.

രാമൻ: ശരി, നിബന്ധന അക്ഷരംപ്രതി ഞാൻ സ്വീകരിച്ചിരിക്കുന്നു. (എഴുന്നേറ്റ്) ലക്ഷ്മണാ, താപസന്റെ നിർദ്ദേശങ്ങൾ മുഴുവനും നീ കേട്ടില്ലേ? ചെല്ലൂ, നീതന്നെ ദ്വാരപാലകനായവിടെ നില്ക്കൂ. സംഭാഷണം കഴിയുന്നതുവരെ ആരേയും അകത്തു കയറ്റിവിടരുത്. (താപസനോട്ട്) മന്ത്രശാലയിലേക്കെഴുന്നള്ളാം. അവിടെവെച്ച് രഹസ്യമായിത്തന്നെ സംസാരിക്കാം. (താപസൻ എഴുന്നേൽക്കുന്നു. രണ്ടുപേരും പോകാൻ തുടങ്ങുന്നു.)

— യവനിക —

— 2 —

രംഗം 2

ലക്ഷ്മണൻ വിചാരമഗ്നനായി രംഗത്ത് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പശ്ചാത്തലത്തിൽ ഇടിവെട്ടിന്റെ ശബ്ദം. ആ ശബ്ദത്തെത്തുടർന്ന രംഗം ഇരുളുന്നു. പിന്നെയും പിന്നെയും ഇടിവെട്ട്, മിന്നൽപ്രകാശം. ഓരോ തവണയും പരിഭ്രാന്തനായ ലക്ഷ്മണനെ രംഗത്തു കാണിക്കുന്നു. ഇടിവെട്ടിനെ തുടർന്നു കെട്ടിടങ്ങൾ ഇടിഞ്ഞുതകർന്നു വീഴുമ്പോലെയും ഒരുകൂട്ടം ആനകൾ ഒരുമിച്ച് അലറും പോലെയുമുള്ള ശബ്ദം. അതു കഴിഞ്ഞ് രംഗത്ത് അല്പം വെളിച്ചം വരുന്നു.

ലക്ഷ്മണൻ: (ഉഗ്രസ്വരത്തിൽ) ആരവിടെ?

കാവൽഭടൻ: (പ്രവേശിച്ചു തൊഴുത്) അടിയൻ.

ലക്ഷ്മണൻ: എന്താണവിടെ വിയ ശബ്ദം കേട്ടത്?

കാവൽഭടൻ: ആകാശം ഇരുളുകയും ഇടിവെട്ടുകയും ചെയ്തു.

ലക്ഷ്മണൻ: നമ്മുടെ കൊമ്പനാനകൾക്ക് മദം പൊട്ടിയിട്ടുണ്ടോ? അവ ചങ്ങല പൊട്ടിച്ചു ഓടീട്ടുണ്ടോ? വേഗത്തിൽ ചെന്നു നോക്കു.

കാവൽഭടൻ: (തൊഴുതുകൊണ്ട് പോകുന്നു.)

ലക്ഷ്മണൻ: (അസ്വസ്ഥതയോടെ) കാർമേഘങ്ങളില്ലാതെ ആകാശം മൂടിക്കെട്ടിനില്ക്കുക, ഇടിവെട്ടുക, കൊള്ളിമീൻ പായുക ഇതെല്ലം ഏതത്യാഹിതത്തിന്റെ സൂചനകളാണാവോ? അയോധ്യ പുതിയ വല്ല! പരീക്ഷണത്തേയും നേരിടുകയാണോ?

അകലത്തു രാമനാമജപം കേൾക്കുന്നു. ക്രമേണ ഭീകരശബ്ദങ്ങളില്ലാതാവുകയും രംഗം പൂർണ്ണമായി പ്രകാശിക്കുകയും ചെയ്യുന്നു. ലക്ഷ്മണൻ രാമനാമം ശ്രദ്ധിച്ചുകൊണ്ട് നില്ക്കുന്നു. അത് അടുത്തടുത്ത് വരുംതോറും ലക്ഷ്മണന്റെ മുഖം പ്രസന്നമാവുന്നു.

ദുർവാസാവ്: (രാമനാമം ഉച്ചരിച്ചുകൊണ്ട് കടന്നുവരുന്നു.)

ലക്ഷ്മണൻ: (തലകുനിച്ച്) മഹാമുനേ, അയോധ്യ മുഴുവനും അവിടുത്തെ പാദങ്ങളിൽ പ്രണമിക്കുന്നു.

ദുർവാസാവ്: കുശലീ ഭവ!

ലക്ഷ്മണൻ: അഗ്രഹാരത്തിലെഴുന്നള്ളി അർഘ്യപാദ്യങ്ങൾ സ്വീകരിച്ച് അനുഗ്രഹിക്കണം.

ദുർവാസാവ്: ലക്ഷ്മണാ, നമുക്ക് എത്രയും വേഗത്തിൽ രാമഭദ്രനെ കാണണം.

ലക്ഷ്മണൻ: രാമഭദ്രൻ അടിയന്തിരവും അതിരഹസ്യവുമായ കാര്യാലോചനായിൽ ഏർപ്പെട്ടിരിക്കയാണ്.

ദുർവാസാവ്: ചെന്നറിയിക്കു. ദുർവാസാവ് കാണാൻ വന്നിട്ടുണ്ടെന്ന്.

ലക്ഷ്മണൻ: (പരുങ്ങലോടെ) ക്ഷമിക്കണം.

ദുർവാസാവ്: ഇതിലെന്തു ക്ഷമിക്കാനിരിക്കുന്നു? വേഗം ചെല്ലൂ, നമ്മുടെ സമയം വിലകൂടിയതാണ്.

ലക്ഷ്മണൻ: (കൂടുതൽ പരുങ്ങലോടെ) ഏറ്റവും ഗൗരവമുള്ള കാര്യമല്ലെങ്കിൽ അങ്ങയെപ്പോലൊരു മഹാതാപസ്സനെ ഗോപുരദ്വാരത്തിൽ തടഞ്ഞുനിർത്താനിടവരുമോ? ലക്ഷ്മണൻ അത്ര ബുദ്ധിശൂന്യനാണോ?

ദുർവാസാവ്: (ശാന്തസ്വഭാവം പതുക്കെ പരിത്യജിച്ച്) എന്ത്? നമ്മെ ഗോപുരദ്വാരത്തിൽ തടഞ്ഞുനിർത്തിയെന്നാണോ പറഞ്ഞത്?

ലക്ഷ്മണൻ: അങ്ങ് ശാന്തനാവണം.

ദുർവാസാവ്: നാം ശാന്തിയെപ്പറ്റിയും അശാന്തിയെപ്പറ്റിയും പ്രസംഗിക്കുന്നത് കേൾക്കാൻ വന്നതല്ല.

ലക്ഷ്മണൻ: അർഘ്യപാദ്യങ്ങൾ സ്വീകരിച്ച യത്രാക്ലേശം തീർക്കുമ്പോഴേക്കും രാമഭദ്രൻ തിരുമുനൻപിലെത്തിക്കഴിയും.

ദുർവാസാവ്: (ലക്ഷ്മണൻ ഒഴിവുകഴിവുകൾ പറയുന്നതാണെന്നു മനസ്സിലാക്കി കടക്കണ്ണ് ചുവപ്പിച്ചുകൊണ്ട് നോക്കുന്നു.) ലക്ഷ്മണൻ ആരോടാണ് സംസാരിക്കുന്നതെന്ന് മറക്കുന്നു.

ലക്ഷ്മണൻ: ഈ ലക്ഷ്മണൻ അങ്ങയുടെ ദയയ്ക്ക് യാചിക്കുകയാണ്.

ദുർവാസാവ്: ഈ പറഞ്ഞതിനർഥം നമുക്ക് രാമഭദ്രനെ കാണാൻ പാടില്ലെന്നാണ്. എന്നാൽ ലക്ഷ്മണാ, ഇന്നുവരെ ഈ നിമിഷം വരെ, ദുർവാസാവ് ഉദ്ദേശിച്ചതൊന്നും സാധിക്കാതെ പോയിട്ടില്ല, മുന്പോട്ടുവെച്ച കാൽ പിന്തിരിപ്പിക്കാൻ ആർക്കും കഴിഞ്ഞിട്ടുമില്ല. (ലക്ഷ്മണനെ ഗണ്യമാക്കാതെ മുൻപോട്ടു കടന്നു നടക്കാൻ തുടങ്ങുന്നു.)

ലക്ഷ്മണൻ: (ദുർവാസാവിന്റെ മുൻപിൽ മുട്ടുകുത്തിനിന്നു പ്രാർഥിക്കുന്നു.) മഹാമുനേ?

ദുർവാസാവ്: (മുൻ പോട്ടുവെച്ച കാലടി അമർത്തിച്ചവുട്ടി, ഉഗ്രമായ കോപത്തോടെ) ലക്ഷ്മണൻ തീക്കുണ്ഡത്തിൽ വീഴുകയാണ്... ഈ ദുർവാസാവിന്റെ മാർഗ്ഗം

മുടക്കുകയോ? ഏതു കടുത്ത വിഘ്നവും ദുർവാസാവിന്റെ കോപാഗ്നിക്ക് മുൻപിൽ കരിയിലയാണന്നോർമയിലിരിക്കട്ടെ.

ലക്ഷ്മണൻ: അങ്ങ് അല്പംകൂടി ശാന്തനാവണം.

ദുർവാസാവ്: (പിടിവാശിയോടെ) സാധ്യമല്ല

ലക്ഷ്മണൻ: അല്പംകൂടി ക്ഷമിക്കണം.

ദുർവാസാവ്: തീരെ സാധ്യമല്ല. നമ്മോടാരും ഇതുവരെ ക്ഷമിക്കാനപേക്ഷിച്ചിട്ടില്ല നാം ക്ഷമിച്ചിട്ടുമില്ല.

ലക്ഷ്മണൻ: അങ്ങേക്കെന്താവശ്യമുണ്ടോ? കല്പിക്കണം. ഈ നിമിഷമതിവിടെയെത്തും.

ദുർവാസാവ്: നമ്മുടെ ആവശ്യമാണ് പറഞ്ഞത്. രാമഭദ്രനെ കാണണം. അതിനി ഒരു നിമിഷം വൈകിച്ചുകൂടാ.

ലക്ഷ്മണൻ: (എഴുന്നേല്ക്കുന്നു അസ്വസ്ഥതയോടെ മുഖം താഴ്ത്തി നില്ക്കുന്നു.)

ദുർവാസാവ്: നമ്മുടെ ക്ഷമ ആരും ഇത്രയധികം പരീക്ഷിച്ചിട്ടില്ല; ഇത്രധികം ഒന്നും നാം സഹിച്ചിട്ടുമില്ല. ലക്ഷ്മണാ ഈ പരീക്ഷണം ഇനിയും തുടരുന്നത് നന്നല്ല;

ലക്ഷ്മണൻ: (ദുർവാസാവിനെ ശാന്തനാക്കുവാൻ ശ്രമിച്ചുകൊണ്ട്) തപസശ്രേഷ്ഠനായ അവിടുന്നു അടിയനുവേണ്ടി രാമഭദ്രനു വേണ്ടി അല്പംകൂടി ക്ഷിമിക്കണം.

ദുർവാസാവ്: നമ്മുടെ തപശ്ശക്തിയെപ്പറ്റി ബോധമില്ലത്തപോലെ സംസാരിക്കുന്നു. കാട്ടിലോ മലയിലോ മേഘമാലക്കൾക്കിടയിലോ, എവിടെ നാമിരുന്നാലും കാണേണ്ടവരെ കണ്മുമ്പിലെത്തിക്കാനുള്ള കരുത്തു നമുക്കുണ്ട്.

ലക്ഷ്മണൻ: അതടിയൻ നിഷേധിക്കുന്നില്ല.

ദുർവാസാവ്: നമ്മുടെ ഇച്ഛക്കെതിരായി പ്രവർത്തിക്കുന്നത് കുലപർവതങ്ങൾ തന്നെയായാലും നാം പൊടിച്ചുകിച്ചുകളയും. നമ്മുടെ കോപം കൊടുങ്കാറ്റാണ്, ഇടിവാളാണ്, പ്രളയാഗ്നിയാണ്.

ലക്ഷ്മണൻ: താപസന്മാർ കോപാതാപാദികളെ ജയിച്ചവരാണല്ലോ.

ദുർവാസാവ്: (അമർഷം പൂണ്ട ചിരിയോടെ) ശരി, കോപതാപാദികളെ ജയിച്ചവരെന്നും പറഞ്ഞു താപസന്മാരെ നിങ്ങൾക്കു കുരങ്ങു കളിപ്പിക്കണമല്ലേ? ലക്ഷ്മണാ, ആ താപസൻ കാട്ടിലാണ് നാം അത്തരത്തിൽപ്പെട്ടവനല്ല. ശഠനോട് ശാഠ്യം. കരുത്തനോടു കരുത്ത്. അതാണ് നമ്മുടെ പ്രമാണം. ഉം! രണ്ടിലൊന്നു തീരുമാനിക്കു. നമ്മുടെ ആഗ്രഹം നിറവേറ്റുന്നോ അതല്ല കോപാഗ്നിക്കിരയാവുന്നോ?

ലക്ഷ്മണൻ: അങ്ങെന്നെ ശപിച്ചുകൊള്ളണം.

ദുർവാസാവ്: എന്ത്? കാളസർപ്പത്തിന്റെ പല്ലെണ്ണുകയോ?

ലക്ഷ്മണൻ: ഞാനൊരുത്തൻ നശിച്ചാലും അയോധ്യ രക്ഷപ്പെടട്ടെ! രാമഭദ്രൻ രക്ഷപ്പെടട്ടെ!

ദുർവാസാവ്: കേവലം വ്യാമോഹം. കോപം വന്നാൽ വിട്ടുവീഴ്ച നമുക്കില്ല; അയോധ്യയും രാമഭദ്രനും രക്ഷപ്പെട്ടുമെന്ന വിചാരം നിനക്കു വേണ്ടാ. (കണ്ണുകൾ ഇറുക്കി ശരീരം വിറപ്പിച്ച്) ഇക്ഷ്വാകുവംശത്തിലെ പൂർവപിതാമഹന്മാർ തുടങ്ങി ആ വംശത്തിൽ ഇന്നുള്ള പിഞ്ചുകുട്ടികൾവരെ എല്ലാവരേയും നാം ശപിക്കും.

ലക്ഷ്മണൻ: ക്ഷമിക്കണം, മഹാമുനേ, ക്ഷമിക്കണം. ഞാൻ നിമിത്തം ഇക്ഷ്വാകുവംശത്തിനു നാശം വരരുത്. ഇതാ ഞാൻ ചെന്നു രാമഭദ്രനെ കൂട്ടിക്കൊണ്ടുവരാം. അങ്ങു കോപം കൊണ്ട് എന്റെ വംശത്തെ നശിപ്പിക്കരുത്. (അകത്തേക്കു പോകാൻ ഭാവിക്കുന്നു. തിരിഞ്ഞുനിന്നു) അങ്ങ് അർഘ്യ പാദ്യങ്ങൾ സ്വീകരിച്ച് വിശ്രമിക്കണം.

ദുർവാസാവ്: രാമഭദ്രനെക്കണ്ടല്ലാതെ ഇനി ഒരടി മുൻപോട്ടോ പിൻപോട്ടോ ഇളകില്ല. ഇവിടെ ഈ ഗോപുരദ്വാരത്തിൽ നില്ക്കും.

ലക്ഷ്മണൻ: (മനമില്ലാമനസ്സോടെ മുൻപോട്ടു നീങ്ങുന്നു, വിഷമിച്ച് പിൻതിരിഞ്ഞു പിന്നേയും ദുർവാസാവിനെ സമീപിക്കുന്നു. വിനയാന്വിതനായി പറയുന്നു.) ഇക്ഷ്വാകുവംശത്തിൽ പിറന്നവർ ഇന്നോളം മഹാമുനിമാരുടെ അപ്രീതിക്ക് പാത്രമായിട്ടില്ല.

ദുർവാസാവ്: (നിശ്ചലനായി നിന്നുകൊണ്ട്) ഇല്ല.

ലക്ഷ്മണൻ: അവർ തപസ്വികളുടെ സുഖസന്തോഷങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരാണ്.

ദുർവാസാവ്: അതേ.

ലക്ഷ്മണൻ: അങ്ങ് ഈ ലക്ഷ്മണനെ വിശ്വസിക്കണം.

ദുർവാസാവ്: (ക്രമേണ കുറഞ്ഞുവന്ന ക്രോധം പെട്ടന്ന് ആളിക്കത്തുന്നു.) ഇതെന്തു ധിക്കാരം. ഇനിയും നമ്മെ പരീക്ഷിക്കാനുള്ള പുറപ്പാടാണോ? സഹസ്രാബ്ദങ്ങൾ നീണ്ടു നിന്ന കഠിനതപസ്സവസാനിപ്പിച്ച രാമഭദ്രന്റെ കയ്യിൽ നിന്നു ഭിക്ഷാന്നം വാങ്ങാൻ വന്നതാണ്. കാര്യസിദ്ധിക്കിനിയും വിളംബം വരുത്തുന്നപക്ഷം നാം സഹിക്കില്ല. നമ്മുടെ കടുത്ത ശാപം നിങ്ങളുടെ തലയിൽ വീഴും. (പല്ലു കടിച്ച്) അയോധ്യ വെണ്ണീറാവും. ഇക്ഷ്വാകുവംശം മുടിയും! ഈ ഭൂമിതന്നെ മുകളിലായിപ്പോവും. (ശപിക്കാൻ കൈയുയർത്തുന്നു)

ലക്ഷ്മണൻ: അരുത് മഹാമുനേ, അരുത്. ഇതാ ഇക്ഷണം രാമഭദ്രനെ കൂട്ടി വരാം. (ധൃതിയിൽ അകത്തേക്കു പോകുന്നു.)

ദുർവാസാവ്: (ഉയർത്തിയ കൈയോടെ നിശ്ചലനായി നില്ക്കുന്നു.)

— യവനിക —

— 3 —

രംഗം 3

മന്ത്രശാലയിൽ താപസനും രാമനും അടുത്തടുത്തിരിക്കുന്നു.

രാമൻ: അർഘ്യപാദ്യങ്ങൾ സ്വീകരിച്ചു, അങ്ങ് അല്പം വിശ്രമിക്കുകയും ചെയ്തു. ഇനിപറയാം. അങ്ങാരാണ്? അങ്ങയെസന്ദേശവുമായി പറഞ്ഞയച്ച താപസനാരാണ്? സന്ദേശം എന്താണ്?

താപസൻ: (അർഥഗർഭമായ പുഞ്ചിരിയോടെ) ആദ്യം ഈ ദൂതനെപ്പറ്റിപറയാം. താപസവേഷം ധരിച്ച് അങ്ങയുടെ മുൻപിലിരിക്കുന്ന ഈ ദൂതൻ കാലനാണ്.

ആശ്ചര്യസൂചകമായി പശ്ചാത്തലസംഗീതം.

രാമൻ: (ഒട്ടും ഭാവപ്പകർച്ചയില്ലാതെ) കാലദേവനോ? ഈ താപസവേഷപൂണ്ടതിന്റെ ഉദ്ദേശ്യം?

താപസൻ: പറയാം. ബ്രഹ്മദേവനാണ് സന്ദേശം നല്കി എന്നെ പറഞ്ഞയച്ചത്.

രാമൻ: ബ്രഹ്മദേവന്റെ സന്ദേശവും കൊണ്ട് കാലദേവൻ പുറപ്പെട്ടിരിക്കുന്നു. ഇത്രയും രഹസ്യമായി അറിയിക്കത്തക്ക ബ്രഹ്മദേവൻ പറഞ്ഞയച്ച സന്ദേശമെന്താണ്?

താപസൻ: സന്ദേശം തികച്ചും രഹസ്യമല്ലെങ്കിൽ ഇത്ര കനത്ത നിർദ്ദേശങ്ങൾ അങ്ങയുടെ മുൻപിൽ സമർപ്പിക്കില്ലായിരുന്നു.

രാമൻ: ആരുടെ പേരുകേട്ടാൽ പ്രാണിലോകം ഭയന്നുകൊണ്ടു ഞെട്ടി വിറയ്ക്കുന്നുവോ, ആരുടെ ശാസന എങ്ങും ഈ ഭൂമിയിൽ അചഞ്ചലമായി നിലകൊള്ളുന്നുവോ, ആ കാലൻ എല്ലാറ്റിനും അന്തകൻ ഇത്രയും സൗമ്യനായി കാണപ്പെടുന്നത് വളരെ ദുർലഭമാണ്.

താപസൻ: മരണത്തെപ്പോലും ജയിക്കാൻ കഴിയുന്ന ചുരുക്കം ചില വ്യക്തികളുണ്ട്; അന്തകൻ അവർക്കു ദാസനാവാതെ കഴിയില്ലല്ലോ.

രാമൻ: പറയൂ, എന്താണ് വിധാതാവിന്റെ സന്ദേശം.

താപസൻ: ദുഷ്ടനിഗ്രഹംകൊണ്ടു് ഭൂമിയുടെ ഭാരം കുറച്ചതിനു് വിധാതാവു് സന്തോഷിക്കുന്നു; അങ്ങയെ അനുമോദിക്കുന്നു.

രാമൻ: ഇതാണോ ഇത്രയും രഹസ്യമായ സന്ദേശം?

താപസൻ: രാവണനെ നിഗ്രഹിക്കേണ്ടതു് ഒരാവശ്യമായിരുന്നു.

രാമൻ: ബ്രഹ്മദേവന്റെയും മറ്റു ദേവപ്രമുഖന്മാരുടെയും അനുഗ്രഹംകൊണ്ടതു സാധിച്ചു.

താപസൻ: ആ മഹാകാര്യം അനുഗ്രഹംകൊണ്ടു മാത്രം നിറമേറ്റാൻ കഴിയുന്നതല്ല. അതിനു് ഏറ്റവും വലിയ പങ്കുവഹിച്ചതു് അവിടുത്തെ പൗരുഷമാണു്.

രാമൻ: ദുഷ്കർമത്തിന്റെ ഫലം നാശമാണു്. ആ ഫലം ആരായാലും അനുഭവിക്കാതെ വയ്യ. രാവണൻ സ്വന്തം കാര്യങ്ങളുടെ ഫലം അനുഭവിച്ചെന്നു മാത്രം. അതിനു് ഞാൻ വെറുമൊരുപകരണമായിരുന്നു.

താപസൻ: ദേവന്മാരും മനുഷ്യരും ഒരുപോലെ അതിൽ സന്തോഷിച്ചു.

രാമൻ: നല്ലതു്.

താപസൻ: അങ്ങു് കൈയേറ്റ വലിയ ചുമതല അതോടെ അവസാനിച്ചു. ഇനി അപ്പുറത്തുള്ള കാര്യങ്ങളെ സംബന്ധിച്ചു ബ്രഹ്മദേവനു ചില അഭിപ്രായങ്ങളുണ്ടു്.

രാമൻ: കേൾക്കട്ടെ.

താപസൻ: അങ്ങിനിയും ഈ ഭൂതലവാസമിച്ഛിക്കുന്നുണ്ടോ?

രാമൻ: ബ്രഹ്മദേവന്റെ അഭിപ്രായമെന്താണു്?

താപസൻ: അങ്ങു് ഭൂമിയിൽ അധിവസിക്കാൻ തീരുമാനിച്ചതു് പതിനൊന്നായിരം സംവത്സരമായിരുന്നു

രാമൻ: ഞാൻ തീരുമാനിച്ചതല്ല, എന്നെ അനുവദിച്ചതു്. ആട്ടെ, അതുകൊണ്ടു്?

താപസൻ: അങ്ങു് ആഗ്രഹിച്ചവിധം ആ പതിനൊന്നായിരം സംവത്സരവും ഭൂമിക്കു് അനുഗ്രഹം സിദ്ധിച്ചു. അങ്ങനെ ആ കാലത്തിന്റെ അവധിയുമെത്തി.

രാമൻ: ഇനി എനിക്കീ ഭൂമിയിൽ സ്ഥാനമില്ലെന്നാണോ ബ്രഹ്മദേവന്റെ അഭിപ്രായം?

താപസൻ: അങ്ങനെ അഭിപ്രായപ്പെടാൻ ബ്രഹ്മദേവൻ ആരാണു്? അദ്ദേഹത്തിനിതിലെന്താണധികാരം?

രാമൻ: ഇതിലൊക്കെ അധികാരം വഹിക്കുന്നതു് പിന്നെ ആരാണു്?

താപസൻ: സത്കർമനിരതരായ മനുഷ്യരെസ്സംബന്ധിച്ചു പരമാധികാരം എന്നും അവരിൽത്തന്നെ നിക്ഷിപ്തമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു് അങ്ങേക്കിനിയും ഭൂതലവാസം തുടരാനാഗ്രഹമുണ്ടെങ്കിൽ ബ്രഹ്മദേവനതിനു് സന്തോഷമേയുള്ളു.

രാമൻ: ആ സന്തോഷം എന്നെ അറിയിക്കുകയാണോ സന്ദേശത്തിന്റെ ഉദ്ദേശ്യം?

താപസൻ: അല്ല ഭൂതലവാസംകൊണ്ടും ഭൂഭാരംകൊണ്ടും അങ്ങ് സ്വർഗ്ഗത്തെ മറക്കരുതെന്ന് ബ്രഹ്മദേവനപേക്ഷിക്കുന്നു. ദേവന്മാരുടെ രക്ഷയ്ക്ക് അങ്ങ് സ്വർഗത്തിലുണ്ടായിരിക്കണമെന്ന് ബ്രഹ്മദേവനാഗ്രഹിക്കുന്നു.

രാമൻ: (അർത്ഥഗർഭമായി ചിരിച്ചുകൊണ്ട്) ഇത്രയും സമർത്ഥമായൊരു സന്ദേശം ഇന്നുവരെ ഞാൻ കേട്ടിട്ടില്ല. "എനിക്കു മരണത്തിനുള്ള സമയമായി; ഞാൻ മരിക്കണം; ലോക നീതിക്കതു കൂടിയേകഴിയൂ" എന്നാണീ സന്ദേശത്തിന്റെ ചുരുക്കം. അതു കാലദേവനല്ലാതെ മറ്റാർക്കും ഇത്ര ഭംഗിയായി പറയാൻ കഴിയില്ല. ഞാനിതിനെന്തു മറുപടി പറയുമെന്നാണുദ്ദേശിക്കുന്നത്?

താപസൻ: ഞാനൊന്നും ഉദ്ദേശിക്കുന്നില്ല. ബ്രഹ്മദേവൻ എല്ലാം അവിടുത്തെ ഹിതത്തിനു വിട്ടുതന്നിരിക്കയാണ്.

രാമൻ: ഇതിൽ എന്റെ ഹിതത്തിനുണ്ടോ സ്ഥാനം? കാലംചെന്നാൽ എല്ലാം നശിക്കും? ആ അജയ്യമായ കാലത്തിനു മുൻപിൽ തലകുനിച്ചു നില്ക്കുന്ന മനുഷ്യൻ തന്റെ ഹിതാഹിതങ്ങളെപ്പറ്റി ചിന്തിക്കുന്നത് മൂഢത്തമല്ലേ? അവിടെ രാജാവിനും പ്രജയ്ക്കും വ്യത്യാസമുണ്ടോ? (വീണ്ടും അർത്ഥഗർഭമായ ചിരി) അതുകൊണ്ട് ബ്രഹ്മാദേവന്റെ സന്ദേശത്തെ അക്ഷരംപ്രതി ഞാൻ സന്തോഷത്തോടെ സ്വീകരിക്കുന്നു. മരണത്തിന്റെ അപ്രതിരോധ ശക്തിക്കു മുമ്പിൽ എന്റെ ശിരസ്സും കുനിയണം. അതു ഞാൻ കുനിക്കുന്നു; ആധികാരമായി അതു സ്ഥീകരിക്കാൻ അർഹതപ്പെട്ട കാലദേവന്റെ മുൻപിൽ, (കിരീടം ചൂടിയ ശിരസ്സ് അല്പമായി മുൻപോട്ടു കുനിക്കുന്നു. അപ്രതീക്ഷിതമായി രംഗം ഇരുളുകയും പശ്ചാത്തലത്തിൽ അമ്പരപ്പും ആപത്തും ദ്യോതിപ്പിക്കുന്ന സംഗീതം ഉയരുകയും ചെയ്യുന്നു. ക്രമേണ രംഗം തെളിഞ്ഞുവരുമ്പോൾ രാമന്റെ പാർശ്വത്തിൽ തല കുനിച്ചു നില്ക്കുന്ന ലക്ഷ്മണനെ കാണുന്നു.)

രാമൻ: (പരിഭ്രാന്തനായി എഴുന്നേല്ക്കുന്നു) ആര് ലക്ഷ്മണനോ?

ലക്ഷ്മണൻ: (പതറിച്ചയോടെ) അതേ ജ്യേഷ്ഠാ.

രാമൻ: നീയെന്തിനിവിടെ കടന്നുവന്നു, ലക്ഷ്മണൻ?

ലക്ഷ്മണൻ: ഇക്ഷ്വാകുവംശത്തിന്റെ രക്ഷയ്ക്ക്.

രാമൻ: താപസന്റെ നിർദ്ദേശം മുഴുവനും നീ കേട്ടതല്ലേ? ഇത്രമാത്രം ബുദ്ധിശൂന്യത നിന്നിൽനിന്നു ഞാൻ പ്രതീക്ഷിച്ചതല്ല ഈ ബുദ്ധിശൂന്യതയുടെ ഫലം എന്താണെന്നു നീ മനസ്സിലാക്കീട്ടുണ്ടോ?

ലക്ഷ്മണൻ: എല്ലാം മനസ്സിലാക്കീട്ടുതന്നെയാണ് ഞാനിങ്ങോട്ട് കടന്നുവന്നത്.

രാമൻ: എന്തിന്? എന്റെ സത്യത്തെ പരീക്ഷിക്കാനോ?

ലക്ഷ്മണൻ: അല്ല. പൂർവ്വപിതാമഹന്മാർ നേടിവെച്ച സുകൃതത്തെ രക്ഷിക്കാൻ.

രാമൻ: എനിക്കു മനസ്സിലാവുന്നില്ല?

ലക്ഷ്മണൻ: നിസ്സാരനായ ഈ ലക്ഷ്മണന്റെ ജീവനോ ഇക്ഷ്വാകുവംശമോ ഏതാണ് വലുത്?

രാമൻ: അതു തീരുമാനിക്കേണ്ട സന്ദർഭം ഇതല്ല.

ലക്ഷ്മണൻ: അതേ, അങ്ങനെയൊരു വിഷമസന്ധിയിലാണ് കാര്യങ്ങളെത്തിച്ചേർന്നത്.

രാമൻ: ഇന്നുവരെ നിന്റെ കൂറിനെപ്പറ്റി എനിക്ക് സംശയിക്കേണ്ടി വന്നിട്ടില്ല!

ലക്ഷ്മണൻ: ഇന്നും ജ്യേഷ്ഠനിതിൽ സംശയിക്കേണ്ട കാര്യമില്ല;

രാമൻ: പ്രതിജ്ഞ ലംഘിച്ച് ഇവിടെ കടന്നുവന്ന് നിന്റെ ജ്യേഷ്ഠനെ ധർമ്മസങ്കടത്തിത് ചാടിക്കാൻമാത്രം എന്തു വിഷമമാണവിടെയുണ്ടായത്?

ലക്ഷ്മണൻ: ഇക്ഷ്വാകുവംശം അപകടത്തിൽപ്പെട്ടു. എന്റെ ജീവൻ കളഞ്ഞെങ്കിലും വംശത്തെ രക്ഷിക്കണമെന്നോർത്ത് ഞാനിങ്ങോട്ടു പോന്നതാണ്; ജ്യേഷ്ഠനെ ധിക്കരിക്കണമെന്നു വിചാരിച്ചല്ല. ആയിരം കൊല്ലം നീണ്ടുനിന്ന തപസ്സവസ്സാനിപിച്ചു ജ്യേഷ്ഠനെക്കണ്ടു ഭിക്ഷാന്നം വാങ്ങാൻ വന്ന ദുർവാസാവുമുനി പുറത്തു കാത്തുനില്ക്കുന്നു.

രാമൻ: ദുർവാസാവു മുനിയോ?

ലക്ഷ്മണൻ: അതേ, ഉഗ്രകോപിയായ ആ താപസനെ സാന്ത്വനപ്പെടുത്താൻ ഞാനാളായില്ല. ഓരോ ഒഴിവുകഴിവും താപസന്റെ കോപാഗ്നിയിൽ നെയ്യൊഴിക്കലായി ഒടുവിൽ നമ്മുടെ വംശത്തെ മുഴുവനും ശപിച്ചു നശിപ്പിക്കാനൊരുങ്ങിയപ്പോൾ ഞാൻ ഓടിപ്പോന്നു. ഞാൻ നശിച്ചാലും നമ്മുടെ വംശത്തിന്റെ സുകൃതം നിലനില്ക്കട്ടെ.

രാമൻ: ആപത്തുകൾ വേണ്ടത്രയായിക്കഴിഞ്ഞു. ഇനിയും അത് പെരുപ്പിക്കാൻ ഞാനൊരുക്കമില്ല. അത് ഒടുവിലത്തെ പരീക്ഷണമായിരിക്കും. വരു, ദുർവാസാവിനെ ചെന്നു സമാധാനിപ്പിക്കാം.

പോകാനൊരുങ്ങുന്നു. കൂടെ താപസനും ലക്ഷ്മണനും.

— യവനിക —

— 4 —

രംഗം 4

ഒന്നാംരംഗത്തിന്റെ തുടക്കത്തിലുള്ള സംഘഗാനം കേട്ടുകൊണ്ടാണ് യവനിക നീങ്ങുന്നത്. രാമൻ ദുഃഖിതനായി തന്റെ ശയ്യാഗാരത്തിലെ മണിമഞ്ചത്തിലിരിക്കുന്നു. സംഘഗാനം അടുത്തുവന്ന് ഉച്ചത്തിൽ തെല്ലിട നിന്നു പതുക്കെപ്പതുക്കെ അകന്നുപോകുന്നു. രാമൻ അസഹ്യതയോടെ എഴുന്നേറ്റു നടക്കുന്നു. തന്നത്താനെന്നവിധം സംസാരിക്കുന്നു.

രാമൻ: എല്ലാവരും രാമരാജ്യത്തെ പ്രകീർത്തിക്കുന്നു; രാമന്റെ അപദാനങ്ങളെ പാടിപ്പുകഴ്ത്തുന്നു. എന്നാൽ ആ രാമനോ? വിധിയുടെ കൈയിലകപ്പെട്ട ഒരു കളിപ്പന്തുമാത്രം. അടിയേല്ക്കുമ്പോൾ നിലംപൊത്തുകയും ശക്തിപൂർവ്വം ഉയരുകയും വീണ്ടും പൊടിമണ്ണിൽ വീണുരുളുകയും ചെയ്യുന്ന ഒരു കളിപ്പന്തുമാത്രം രാമന്റെ നെടുവീർപ്പിന് പ്രളയാഗ്നിയുടെ ചൂടുണ്ടെന്നാരും മനസ്സിലാക്കുന്നില്ല; അതിനെക്കുറിച്ചാരും പാടുന്നുമില്ല... കിരീടം ചൂടാൻവയ്യാതെ കാടുതെണ്ടുക, പ്രിയതമയെ പരിരക്ഷിക്കാൻ ശക്തനല്ലാതെ ദുഃഖാർത്തനായി അലയുക, ജനാപവാദത്തെ നേരിടാൻ കരുത്തില്ലാതെ ഗർഭിണിയായ ധർമ്മപത്നിയെ കാട്ടിലുപേക്ഷിക്കുക, ആ ഭീരുത്വത്തെച്ചൊല്ലി പിന്നീട് വിലപിക്കുക. അശ്വമേധം കഴിക്കുമ്പോൾ സ്വർണപ്രതിമയ്ക്ക് അർദ്ധാസനം നല്കി സംതൃപ്തനാവുക... ജനങ്ങൾ കീർത്തിക്കുന്ന രാമനെവിടെ? ജീവിതത്തിൽ ശാന്തിയും സമാധാനവും കണികാണാനില്ലാതെ വിഷമിക്കുന്ന രാമനെവിടെ?

മിണ്ടാതെ പിന്നേയും നടക്കുന്നു. രാമന്റെ ഹൃദയഭാരം വർധിക്കുന്നതിനൊപ്പം രംഗത്തെ വെളിച്ചം കുറഞ്ഞു കുറഞ്ഞു വരണം. അങ്ങനെ എല്ലാം ഏതാണ്ടൊരവ്യക്തതയിലാവുമ്പോൾ, അങ്ങകലെ കണ്ണീരിൽ കുതിർന്നൊരു ഗാനമുയരുന്നു. "രാമാ... രാമാ" എന്നിങ്ങനെ രാമനെ ചൊല്ലി വിലപിക്കുന്നൊരു ഗാനം. (സ്ത്രീസ്വരം.) രാമൻ

ശ്രദ്ധിക്കുന്നു. രാമന്റെ മുഖഭാവം വ്യക്തമാക്കാൻ മാത്രം ഒരു സ്പോട്ട് ലൈറ്റുണ്ടായിരിക്കണം... ഇനിയങ്ങോട്ട് രാമന്റെ ചലനത്തിനനുസരിച്ച് ആ സ്പോട്ടലൈറ്റ് നീങ്ങിക്കൊണ്ടിരിക്കുകയും വേണം. ശോകഗാനം അടുത്തടുത്തുവരുന്നു. രാമന്റെ മുഖം പ്രകാശംകൊള്ളുന്നു. കണ്ണുകൾ നവചൈതന്യമേല്ക്കുന്നു. രംഗത്തിനു പിറകിൽ വളരെ അകലെ മറ്റൊരു സ്പോട്ട് ലൈറ്റിൽ ഒരു വനത്തിന്റെ ഏതാനും ഭാഗം പ്രത്യക്ഷപ്പെടുന്നു. സീത ഒരു മരത്തണലിൽ ഇരുന്ന് തേങ്ങിത്തേങ്ങി രാമനെ വിളിക്കുകയാണ്, "രാമാ... രാമാ..." അഴിഞ്ഞുവീണ തലമുടി, കണ്ണീരിൽ നനഞ്ഞ മുഖം. രാമൻ ആ ഭാഗത്തേക്കു ശ്രദ്ധിക്കുന്നു.)

രാമൻ: (ഉദ്വോഗത്തോടെ പറയുന്നു) എന്ത്? ഭൂഗർഭത്തിലാണ്ടു പോയ ദേവി ഉയിർത്തെഴുന്നേറ്റെന്നോ? അയോധ്യയെ അനുഗ്രഹിക്കാൻ, ഈ രാമനു നവചൈതന്യമരുളാൻ! അതാ, ദേവിയുടെ ശോകസന്തപ്തമായ സ്വരം. ആ നിഷ്കാസനം ദേവിയുടെ ഹൃദയത്തിൽ അഗാധമായ മുറിവുകളേല്പിച്ചിട്ടുണ്ട്... (മുമ്പോട്ട് നീങ്ങുന്നു.) ഇതാ, ദേവീ കുറ്റങ്ങളേറ്റുപറഞ്ഞ് പ്രായശ്ചിത്തം ചെയ്യാൻ ദേവിയുടെ സന്നിധിയിലേക്ക് നിമിഷംകൊണ്ട് രാമനെത്തുകയായി...

ആവേശത്തോടെ കൈകൾ നീട്ടിപ്പിടിച്ച് മുൻപോട്ടു നീങ്ങുന്നു. ഏതാനും അടികൾ മുമ്പോട്ട് നീങ്ങിക്കഴിയുമ്പോൾ പെട്ടെന്ന് ഗാനം നിലയ്ക്കുകയും രംഗത്തുള്ള വെളിച്ചം മുഴുവൻ ഇല്ലാതാവുകയും കനത്ത ഇരുട്ട് പരക്കുകയും ചെയ്യുന്നു. പശ്ചാത്തലത്തിൽ ശോകസാന്ദ്രമായ ഉപകരണസംഗീതം ഉച്ചത്തിലാവുന്നു. വീണ്ടും വെളിച്ചം വരുമ്പോൾ പഴയ ശയ്യാഗാരംതന്നെ കാണുന്നു. ഒരു മാറ്റവുമില്ല. ഭിത്തിക്കരികിൽ രാമൻ അമ്പരന്നുനില്ക്കുന്നു. അല്പനേരം അങ്ങനെ നിന്ന് കൂടുതൽ നിരാശയോടെ, ദുഃഖഭാരത്തോടെ, പതുക്കെ മുൻപോട്ടു നടക്കുന്നു. അകത്തുനിന്ന് ഗദ്ഗദസ്വരത്തിൽ ഒരു സ്ത്രീ വിളിക്കുന്നു. പ്രഭോ... പ്രഭോ... രാമൻ ഞെട്ടുന്നു, പകച്ചുനോക്കുന്നു. അല്പം കൂടി അടുത്തു കേൾക്കുന്നു ആ സ്ത്രീസ്വരം. പ്രഭോ... പ്രഭോ... ഊർമിള— കരഞ്ഞുകലങ്ങിയ കണ്ണുകൾ, ഭയപ്പെട്ട നോട്ടം, അലസമായി പിന്നിൽ ചിതറിവീണ മുടി— കടന്നുവന്ന് രംഗത്തിന്റെ മധ്യഭാഗത്ത് നില്ക്കുന്നു. രാമൻ ഊർമിളയെ കണ്ടതും ഒന്നും മിണ്ടാതെ തിരിഞ്ഞുനിന്ന് മണിമഞ്ചത്തിലിരിക്കുന്നു.ഊർമിള മെല്ലെ രാമനെ സമീപിക്കുന്നു. രാമൻ തലതാഴ്ത്തി മിണ്ടാതിരിക്കുന്നു. അല്പനേരത്തെ നിശ്ശബ്ദത, ആ നിശ്ശബ്ദതയെ രാവി മുറിക്കുമ്പോലെ ഊർമിളയുടെ ഗദ്ഗദം കുറച്ചു കുറച്ചായി കേട്ടുതുടങ്ങുന്നു. ഒടുവിൽ പാതി കരച്ചിലും പാതി വിളിയുമെന്ന മട്ടിൽ ഒരു ശബ്ദം പുറത്തുവരുന്നു.

ഊർമിള: പ്രഭോ...

രാമൻ: (തലയുയർത്താതെ, നോക്കാതെ) ഊർമിളേ നീയെന്തിനിങ്ങോട്ടു വന്നു?

ഊർമിള: മറ്റെങ്ങും പോവാനില്ലാഞ്ഞിട്ട്... അടിയൻ...

രാമൻ: (തടഞ്ഞുകൊണ്ട്) മതി എങ്ങും പോകാനില്ലാഞ്ഞിട്ട് നീ തേടിപ്പുറപ്പെട്ട സ്ഥലം നന്നായില്ല...

ഊർമിള: കൊട്ടാരത്തിൽ എന്തൊക്കെയോ കേൾക്കുന്നു. (രാമൻ പ്രയാസപ്പെട്ട് വികാരത്തെ നിയന്ത്രിക്കുന്നു.) അടിയനിതൊന്നും മനസ്സിലാവുന്നില്ല. ഇതൊക്കെ സത്യമാണോ?

രാമൻ: സത്യമാവാതിരിക്കട്ടെ എന്നു ഞാനാഗ്രഹിക്കുന്നു. പക്ഷേ,

ഊർമിള: (ഉത്കണ്ഠയോടുകൂടി) പക്ഷേ

രാമൻ: (അസ്വസ്ഥനായി എഴുന്നേല്ക്കുന്നു. മുൻപോട്ടു നടക്കുന്നു. ഊർമിളയെ നോക്കാതെ പറയുന്നു.) എല്ലാ സത്യങ്ങളും ഹിതകരങ്ങളല്ല.

ഊർമിള: വ്യക്തമായി പറയൂ പ്രഭോ.

രാമൻ: അഹിതങ്ങളും വേദനാകരങ്ങളുമായ ചില സത്യങ്ങളുണ്ട്.

ഊർമിള: അവിടുത്തെ മുഖത്തുനിന്ന് അത്തരം സത്യങ്ങൾ കേൾക്കാൻ എനിക്കിടവരാതിരിക്കട്ടെ എന്നു ഞാൽ പ്രാർഥിക്കുന്നു.

രാമൻ: (പതുക്കെ; എന്നാൽ ദൃഢതരമായി) പ്രാർഥനയുടെ സമയം കഴിഞ്ഞുപോയി.

ഊർമിള: ഇനി പ്രാർഥിച്ചാലും അടിയന് രക്ഷയില്ലെന്നോ?

രാമൻ: നിനക്കല്ല, എനിക്കാണ് രക്ഷയില്ലാതായിത്തീർന്നത്.

ഊർമിള: (വേദനയും പരിഭവവും കലർന്ന സ്വരത്തിൽ) അപ്പോൾ അങ്ങ് സ്വന്തം കൈകൊണ്ട് അനുജനെ വധിക്കാൻ തീരുമാനിച്ചെന്നോ?

രാമൻ: (ചിന്താകുലനായി നടന്നുകൊണ്ട്) എല്ലാറ്റിലും വലുത് ധർമ്മമാണ്.

ഊർമിള: മതി പ്രഭോ, മതി എനിക്കു ധർമ്മത്തെപ്പറ്റി ഒന്നും കേൾക്കണമെന്നില്ല: ധർമ്മത്തിന്റെ പേരിൽ ഈ അയോധ്യയിൽ എന്തൊക്കെ നടന്നു? ഇന്നാണ് ഊർമിള അന്തഃപുരത്തുനിന്നു പുറത്തുകടന്നത്. ഇതുവരെ അവൾ എല്ലാം സഹിക്കുകയായിരുന്നു. ഈ കൊട്ടാരത്തിലുള്ള പലരേയും ലോകമറിയും. പക്ഷേ, ഈ ഊർമിളയെമാത്രം അറിയില്ല.

രാമൻ: അതു മഹാഭാഗ്യമാണ്. ഈ കൊട്ടാരത്തിലുള്ള പലരെയും ലോകം അറിഞ്ഞില്ലെങ്കിൽ— എന്നു ഞാനാശിച്ചുപോകുന്നു.

ഊർമിള: പലതും ഞാൻ സഹിച്ചിട്ടുണ്ട് പ്രഭോ പലതും. അതങ്ങേക്കാറിയാവുന്ന കാര്യമാണ്. ഊർമിള ഇന്നുവരെ ശബ്ദിച്ചിട്ടില്ല. നിശബ്ദമായി എല്ലാം സഹിക്കാൻ പഠിച്ചവളാണ് ഊർമിള. ഇതും സഹിക്കുമായിരുന്നു.

രാമൻ: ഉത്തമസ്ത്രീകളുടെ ലക്ഷണം അതാണ്.

ഊർമിള: പക്ഷേ ഊർമിളയുടെ മനം ഇന്ന് പൊട്ടിത്തെറിച്ചു പോയി ഇന്നും ഊർമിള ശബ്ദിച്ചില്ലെങ്കിൽ ലോകം അവളെ തെറ്റിദ്ധരിക്കും. ഊർമിള ഊമയായിരുന്നുവെന്ന് ചരിത്രകാരൻ എഴുതിവെക്കും... അതു വയ്യ. പ്രഭോ, ഇന്നെന്റെ ശബ്ദം, കൊട്ടാരത്തിൽ മുഴങ്ങണം. മതിൽക്കെട്ടുകളെ തകർത്ത് അതു വിശാലമായ ലോകത്തിൽ പരക്കണം. എനിക്കങ്ങയോടൊന്നേ ചോദിക്കാനുള്ളൂ; സ്വന്തം കൈകൊണ്ട് അങ്ങ് അനുജനെ വധിക്കാൻ തീരുമാനിച്ചോ?

രാമൻ: ഊർമിളേ, ലക്ഷ്മണൻ നിന്റെ ഭർത്താവു മാത്രമാണ്.

ഊർമിള: അടിയനു മനസ്സിലായില്ല പ്രഭോ?

രാമൻ: ഈ രാമനു ലക്ഷ്മണൻ ആരാണ് നീതന്നെ പറയൂ... (അല്പനേരത്തെ നിശ്ശബ്ദത; അതു കഴിഞ്ഞു തന്നോടെന്നപോലെ) ലക്ഷ്മണൻ രാമന്റെ ആത്മാവാണ്. ആത്മാവ് പിഴുതെറിഞ്ഞുകളയാൻ ആഗ്രഹിക്കുന്നവരുണ്ടാകുമോ?

ഊർമിള: അതാണടിയനും അറിയേണ്ടത്.

രാമൻ: (മറ്റൊന്നും കേൾക്കാതെ, ശ്രദ്ധിക്കാതെ) ഇക്കാലമത്രയും നിഴലുപോലെ എന്നെ പിന്തുടർന്ന്, എന്റെ സുഖദുഃഖങ്ങളെ പങ്കുവെച്ചവനാണ് ലക്ഷ്മണൻ. ലോകചരിത്രത്തിൽ ഇത്ര വലിയൊരു സഹോദരബന്ധം വേറെ കാണില്ല (തൊണ്ടയിടറി) ആ മഹത്തായ ബന്ധം ഛേദിച്ചുകളയാനിടവരുന്നത് എത്ര മാത്രം നിർഭാഗ്യകരമാണ്

ഊർമിള: ആ നിർഭാഗ്യം സംഭവിക്കുമോ? പറയൂ പ്രഭോ സംഭവിക്കുമോ?

രാമൻ: അയോധ്യ സ്വർഗത്തിൽനിന്നടർന്നുവീണ ഒരു കണ്ണു നീർത്തുള്ളിയാണ്. ഇവിടുത്തെ ഒരോ മണ്‌തരിക്കും കണ്ണീരിന്റെ പുളിപ്പുണ്ട്. ആറുംതോറും പുതുതായിതിർന്നുവീഴുന്ന കണ്ണീർക്കണങ്ങൾകൊണ്ട് ചതുപ്പുറ്റതാണീ നിലം.

ഊർമിള: അതിൽ ഊർമിളയുടെ സംഭാവനയും കുറവല്ല ഈ നിലത്ത് ഇവളുടെ കണ്ണീരും ഉതിർന്നുവീണിട്ടുണ്ട്. അതാരും ശ്രദ്ധിച്ചിട്ടില്ലെന്നുമാത്രം. ഇവിടെ കണ്ണീരിന്റെ കാര്യത്തിലും അങ്ങനെ ചില പക്ഷപാതങ്ങളുണ്ട്. കണ്ണുകൾക്കാണ് പ്രാധാന്യം കണ്ണീരിനല്ല. ആരും അറിയാതെ ആരുടെ ശ്രദ്ധയിലും പെടാതെ ഈ ഭൂമി നനയ്ക്കുന്ന ചില കണ്ണീരുണ്ട്. ഊർമിളയുകടെ കണ്ണീര് ആ ഇനത്തിൽപ്പെട്ടതാണ്. (രാമൻ മിണ്ടാതെ ചിന്താധീനനായി നടക്കുന്നു.) (രാമന്റെ ഭാവം ശ്രദ്ധിച്ച്) അതുക്കൊണ്ട് എനിക്കിത്രമാത്രമേ പറയാനുള്ളൂ; കാട്ടുതീപോലെ കൊട്ടാരത്തിൽ പരന്ന ഈ കിംവദന്തി സത്യമാവാതിരിക്കട്ടെ. ധർമ്മത്തിന്റെ പേരിൽ ഈയൊരു ദുഃഖംകൂടി അയോധ്യക്ക് സഹിക്കാനിടവരാതിക്കട്ടെ. രഘുവംശത്തിന്റെ കീർത്തിക്കു മാലിന്യം പറ്റാതെ കഴിയട്ടെ; (പറഞ്ഞവസാനിപ്പിച്ച രാമന്റെ ഭാവം ശ്രദ്ധിച്ചുകൊണ്ട് മൗനം കൊള്ളുന്നു.)

രാമൻ: (തന്റെ കരുത്തു മുഴുവൻ ഒരുമിച്ച് ചേർത്ത് അകം നീറുന്ന വികാരങ്ങളെ നിയന്ത്രിച്ചു ദൃഢസ്വരത്തിൽ വിളിക്കുന്നു.) ഊർമിളേ!

ഊർമിള: (സന്തോഷകരമായ മറുപടി പ്രതീക്ഷിച്ചുകൊണ്ട്) പ്രഭോ

രാമൻ: ഞാൻ ആദ്യം മുതൽ തുടങ്ങാം.

ഊർമിള: അടിയൻ കേൾക്കാം

രാമൻ: അയോധ്യ മുഴവൽ ഉത്സവം ആഘോഷിക്കുകയാണ്. (പശ്ചാത്തലത്തിൽ സന്തോഷസൂചകമായ സംഗീതം—മംഗളവാദ്യം) എന്നെ യുവരാജാവാക്കാൻ അച്ഛന് തീരുമാനിച്ചു. അയോധ്യയിലെ ജനത മുഴവൻ ആഹ്ലാദിച്ചു. ആർക്കും അഭിപ്രായവ്യത്യാസമില്ല! എല്ലാം ഒരുങ്ങി ഒരിടത്തും കുഴപ്പമില്ല പെട്ടെന്നതാ, ഭൂമണ്ഡലത്തെ മുഴവനും അമ്മാനമാടാൻ കരുത്തുള്ളൊരു കൊടുങ്കാറ്റ്. (പശ്ചാത്തലത്തിൽ മംഗളവാദ്യം നിലയ്ക്കുകയും ഭീമമായ കൊടുങ്കാറ്റിന്റെ ഇരമ്പം അലച്ചുപൊങ്ങുകയും ചെയ്യുന്നു. തുടർന്ന് ശോകഗീതം.) ആ കൊടുങ്കാറ്റിന്റെ ഉദ്ഭവസ്ഥാനം എവിടെയെന്നാർക്കും മനസ്സിലായി എല്ലാവരും ഏകോപിച്ച് കൈകേയിമാതാവിനെ പഴിച്ചു. പക്ഷേ; അതിന്റെ ഉദ്ഭവസ്ഥാനത്തിന് ഒരു പേരേയുള്ളൂ; ദുർവിധി! ഞൊടിയിടകൊണ്ട് രാമന്റെ കൈയിൽവല്കലം വീണു.

ഊർമിള: ജനതയുടെ ഏകോപിച്ച അഭിപ്രായത്തെയും അച്ഛന്റെ അഭിലാഷത്തെയും വകവെക്കാതെ അങ്ങു വിധിക്കു കീഴടങ്ങിയെന്നു സാരം.

രാമൻ: ചിലരതു പറയും. മറ്റുചിലർ രാമന്റെ സത്യദീക്ഷയെ, ധർമ്മനിഷ്ഠയെ പുകഴ്ത്തും. സാരമില്ല! പലർക്കും പല അഭിപ്രായമാണല്ലോ—അവസാനിച്ചില്ല. ത്രിലോകങ്ങളെ ജയിക്കാൻ കരുത്തുള്ള രാമൻ രാവണന്റെ വഞ്ചനയ്ക്കു കീഴ്പ്പെട്ടു. ഭാര്യാദുഃഖമനുഭവിക്കേണ്ടിവന്നു... പിന്നീട് പ്രതികാരത്തിനുള്ള വെമ്പലായി. എങ്ങനെയെങ്കിലും രാവണനെ കൊല്ലണം; ലങ്കയെ നശിപ്പിക്കണം. ദേവിയെ വീണ്ടെടുക്കണം. ഇതൊന്നേ രാമനു ചിന്തയുള്ളൂ. അതിനു വേണ്ടി എന്തു ക്ലേശം സഹിക്കാനും ഏതു കൂട്ടുകെട്ടിലകപ്പെടാനും രാമൻ സന്നദ്ധനായിരുന്നു.

ഊർമിള: ഈ കാലഘട്ടത്തിൽ ഇതൊക്കെ വിസ്തരിക്കുന്നതെന്തിനെന്നെനിക്കു മനസ്സിലാവുന്നില്ല.

രാമൻ: നിനക്കു മനസ്സിലാവാൻ വിഷമമുണ്ട് എങ്കിലും കേൾക്കൂ. സുഗ്രീവനോട് സഖ്യം ചെയ്തു ബാലിയെ കൊല്ലേണ്ടിവന്നു.

രാമൻ: അതു ധർമ്മത്തിന്നുവേണ്ടിയായിരുന്നില്ലേ?

രാമൻ: ബാലിവധം ധർമ്മത്തിന് ഒഴിച്ചുകൂടാത്തതായിരുന്നോ?

രാമൻ: അങ്ങനെയായിരുന്നു ഞങ്ങളൊക്കെ ധരിച്ചത്.

രാമൻ: പക്ഷേ; അനുജനുവേണ്ടി ജ്യേഷ്ഠനെ കൊന്നു. അതു സത്യമല്ലേ?

ഊർമിള: അങ്ങു കുറച്ചുമുമ്പെ പറഞ്ഞപോലെ ഹിതകരമല്ലാത്ത സത്യം.

രാമൻ: സുഗ്രീവനുവേണ്ടി, അല്ലെങ്കിൽ സുഗ്രീവനുമായി സഖ്യത്തിലേർപ്പെടാൻ വേണ്ടി, ബാലിയെ വധിച്ചു. ധർമ്മത്തിന്റെയും അധർമ്മത്തിന്റെയും കാര്യമവിടെ നില്ക്കട്ടെ! എന്റെ ഒളിയമ്പേറ്റു മാറു പിളർന്നു ഭൂമിയിൽ പതിച്ച ബാലി കരഞ്ഞിട്ടുണ്ടെങ്കിൽ അതെന്തിനെ ചൊല്ലിയാവണം?

ഊർമിള: അവിടുന്നുതന്നെ പറയണം.

രാമൻ: താരയെയും അംഗദനെയും ചൊല്ലി ബാലി കരഞ്ഞില്ല. തന്റെ സഹോദരന്റെ പേരിലാണ് ബാലി കണ്ണീർക്കണമൊഴുക്കിയത്. അതുവരേയുള്ള വൈരാഗ്യത്തിന്റെ തീ നാളം കെട്ടടങ്ങി. അവസാനം ശ്വാസം വലിക്കുമ്പോൾ സുഗ്രീവനെ വിളിച്ച് ബാലി പറഞ്ഞ ആ വാക്കുകൾ ഇപ്പോഴും എന്റെ കാതുകളിൽ മുഴങ്ങുന്നു. (അസ്വസ്ഥനായി തലകുനിച്ച് മിണ്ടാതെ നടക്കുന്നു.)

ഊർമിള: അങ്ങു കഴഞ്ഞ കാര്യങ്ങൾ ഇത്രയും വിശദമായി വിവരിച്ച് കേൾപ്പിക്കുന്നതെന്തിനാണ്?

രാമൻ: (ഊർമിളയുടെ വാക്കു ശ്രദ്ധിക്കാതെ) ചെറിയൊരു തെറ്റിദ്ധാരണകൊണ്ടാണ് ആ സഹോദരന്മാർ അകന്നത്. പക്ഷേ, അതത്രയും വലിയൊരു പകവീട്ടലിൽ ക്രൂരമായ കൊലപാതകത്തിൽ, എത്തിച്ചേരുമെന്നു ബാലി കരുതീട്ടുണ്ടാവില്ല. തന്നെ ചതിച്ച് കൊല്ലിച്ച സഹോദരനോട് ഉള്ളുരുകി അവസാനയാത്ര പറഞ്ഞ ബാലിയുടെ മുഖം-അതിപ്പോഴും എന്റെ കൺമുൻപിലുണ്ട്.

ഊർമിള: എങ്കിലും ബാലിക്കു സമാധാനിക്കാമായിരുന്നു. മാറുപിളർന്നു പ്രാണൻ പിഴുതെടുത്ത ബാണം സുഗ്രീവന്റേതായിരുന്നില്ല. സഹോദരന്റെ കൈകൊണ്ടു മരിക്കാനുള്ള ദുർവിധി ബാലിക്കുണ്ടായില്ലല്ലോ.

രാമൻ: (അവിചാരിതമായി ഞെട്ടുന്നു. മുഖത്തു ദുഃഖത്തിന്റെ കരിനിഴൽ വീഴുന്നു. ഞൊടിയിടകൊണ്ടു വികാരം നിയന്ത്രിച്ച് തുടരുന്നു. പക്ഷേ, ശബ്ദം ഇടയ്ക്കിടെ ഇടറുന്നുണ്ട്.) കഴിഞ്ഞില്ല. അവിടംകൊണ്ടും അവസാനിച്ചില്ല. അധർമിയായ രാവണൻ മരിക്കേണ്ടതാണ്. രാവണന്റെ നിലനില്പ് ഭൂമിക്കും സ്വർഗത്തിനും ഭീഷണിയാണ്. സത്യത്തിനും ധർമ്മത്തിനും സദാചാരത്തിനും നാശമാണ്. പക്ഷേ, രാവണനെ വധിക്കാൻ, ലങ്കയെ നശിപ്പിക്കാൻ, വിഭീഷണനെ ആയുധമാക്കിയതു വലിയൊരു പിശകായിരുന്നു.

ഊർമിള: ഇതൊക്കെ ഇന്ന്, ഈ മുഹൂർത്തത്തിൽ, ഇവിടെ വെച്ചാലോചിക്കുന്നതിലുള്ള ഗുണം ഊർമിളയ്ക്ക് മനസ്സിലാകുന്നില്ല:

രാമൻ: (ഊർമിളയുടെ വാക്കു ശ്രദ്ധിക്കാതെ തുടരുന്നു.) ഒടുവിൽ രാമസായകമേറ്റ രാവണനും വീണു. ആ കിടപ്പിൽ രാവണന്റെ കൺപീലികൾ നനഞ്ഞിട്ടുണ്ടെങ്കിൽ അത് അന്തപുരത്തെച്ചൊല്ലിയോ ലങ്കയെച്ചൊല്ലിയോ ആയിരുന്നില്ല; വിഭീഷണനെച്ചൊല്ലി, സ്വന്തം സഹോദരനെച്ചൊല്ലി അന്ത്യനിമിഷത്തിൽ രാവണൻ വേദനിച്ചു. സ്വന്തം രക്തത്തെച്ചെല്ലി അങ്ങനെ രണ്ടു സഹോദരന്മാരുടെ വാത്സല്യം ഉരുകിയുരുകി കണ്ണീരായി ഈ ഭൂമിയിൽ പതിച്ചിട്ടുണ്ട്. അതിനി രാമൻ സമാധാനം പറയണം. (അല്പനേരത്തെ നിശ്ശബ്ദതയ്ക്ക് ശേഷം നെടുവീർപ്പിട്ടുകൊണ്ട്) ഊർമിളയ്ക്ക് മനസ്സിലായോ?

ഊർമിള: ഇല്ല പ്രഭോ

രാമൻ: അച്ഛനെച്ചൊല്ലി, അമ്മമാരെച്ചൊല്ലി, പ്രേയസ്സിയെച്ചൊല്ലി ഈ രാമൻ ദുഃഖിച്ചിട്ടുണ്ട്. കണ്ണീർ വാർത്തിട്ടുണ്ട്. എന്നാൽ സഹോദരന്മാരെചൊല്ലി രാമനതു വേണ്ടിവന്നിട്ടില്ല. ഇനി അതിന്റെ ഊഴമാണ്. (ഊർമിള ഞെട്ടി കണ്ണുപൊത്തി, വിങ്ങുന്നു. തൊണ്ടയിടറിക്കൊണ്ട്) എന്റെ സഹോദരന്മാർ സ്നേഹസമ്പന്നരാണ്. തങ്ങളുടെ ജ്യേഷ്ഠനു വേണ്ടി, എനിക്കുവേണ്ടി, ആത്മബലി നടത്താൻപോലും മടിക്കാത്തവരാണ്... അവരെച്ചൊല്ലി കരയാൻ എനിക്കിന്നുവരെ ഇടവന്നിട്ടില്ല... ഇന്നാവട്ടെ, രാമന്റെ കർമഫലം രാമനനുഭവിക്കാൻ പോകുന്നു...

ഊർമിള: (കണ്ണുപൊത്തിയ കൈയെടുത്തു ചെവിട് പൊത്തി ദുസ്സഹമായ ദുഃഖത്തോടെ) മതി പ്രഭോ മതി. കൂടുതലൊന്നും പറയരുത്.

രാമൻ: (ദുഃഖത്തെ നിയന്ത്രിക്കാനാവാതെ) ഊർമിളേ, നീയിങ്ങനെ കരയരുത്.

ഊർമിള: (കരഞ്ഞുകൊണ്ട്) അല്ലാത ഈ ഊർമിള എന്തു ചെയ്യണമെന്നാണങ്ങ് കല്പിക്കുന്നത്?

രാമൻ: കരയുന്നതുകൊണ്ടുള്ള നേട്ടമെന്ത്?

ഊർമിള: കരയാൻകൂടി ഊർമിളയ്ക്കാവകാശമില്ലെന്നോ?

രാമൻ: ഞാനനുഭവിക്കുന്ന വേദന ഊർമിള മനസ്സിലാക്കുന്നില്ല;

ഊർമിള: അതുകൊണ്ടു മറ്റുള്ളവരുടെ വേദന കുറയില്ലല്ലോ.

രാമൻ: (കൂടുതൽ ദുഃഖത്തോടെ) രാമനും ലക്ഷ്മണനും ദേഹം രണ്ടായിരിക്കാം. പക്ഷേ ആത്മാവൊന്നാണ്.

ഊർമിള: (രാമൻ കൂടുതൽ സംസാരിക്കുന്നത് കേൾക്കാനാഗ്രഹിക്കാതെ കാര്യം തുറന്നു പറയുന്നു.) അങ്ങയുടെ കൈകൊണ്ട് വൈധവ്യദുഃഖമനുഭവിക്കാൻ ഊർമിളയ്ക്ക് യോഗമുണ്ടെന്നോ? (ദുഃഖവും ഭയവും നൈരാശ്യവും കലർന്ന സ്വരത്തിൽ) ഞാനീ നില്ക്കുന്നതയോധ്യയിലാണോ? എന്റെ മുൻപിൽ നില്ക്കുന്നതു സത്യപ്രേമിയും ധർമ്മനിരതനുമായ രാമചന്ദ്രനാണോ? ഇതു ഭൂമിയാണോ? (രാമൻ അസ്വസ്ഥനായി തലയും താഴ്ത്തി അങ്ങുമിങ്ങും നടക്കുന്നു. കരഞ്ഞുകൊണ്ട്) മംഗല്യച്ചരടറ്റുപോയ സതിക്കു പിന്നെ ജീവിതമെന്തിന്?... ഓ! സഹിക്കാൻ കഴിയുന്നില്ല... ഈ വിപത്ത് സംഭവിക്കുന്നതിനുമുൻപ് എന്നെ കൊന്നുകളയാനങ്ങു കല്പിക്കു. ഊർമിള സന്തോഷത്തോടെ മരിക്കാം. അതിനുള്ള ദയയെങ്കിലും അങ്ങേക്കുണ്ടാവണം.

രാമൻ: (ദൃഢസ്വരത്തിൽ) ഊർമിളേ, കരഞ്ഞതുകൊണ്ടു കാര്യമില്ല ഈ നില്ക്കുന്ന രാമൻ ഇന്നു നിർവികാരനാണ്. രാമന്റെ! ഹൃദയം കരിങ്കല്ലാണെന്നുകൂടി പറഞ്ഞാൽ തെറ്റില്ല... നിങ്ങളെല്ലാവരുംകൂടി എന്നെ ശപിച്ചുകൊള്ളൂ... ലോകം മുഴുവനുമെന്നെ വെറുക്കട്ടെ... ഇന്നുവരെ ശാന്തിയും സമാധനവും എന്തെന്നറിയാത്ത രാമൻ അവസാനത്തെ ഈ പരീക്ഷണത്തേയും നേരിടാനുറച്ചു. (ഊർമിളയെ അഭിമുഖീകരിക്കാൻ കഴിയാതെ തിരിഞ്ഞു നടക്കുന്നു.)

ഊർമിള: (കൽപ്രതിമപോലെ സ്തംഭിച്ച നില്ക്കുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് കൈകൾ മുൻപോട്ടു് നീട്ടി വിളിക്കുന്നു.) **പ്രഭോ, പ്രഭോ** (പിന്നാലെ ബദ്ധപ്പെട്ടു നടക്കുന്നു; രാമൻ അപ്രത്യക്ഷനാവുന്നു. കരഞ്ഞുകൊണ്ട് പിന്നെയും വിളിച്ച പിൻതുടരുന്നു.) **പ്രഭോ... പ്രഭോ...**

പശ്ചാത്തലത്തിൽ ശോകഗാനം

— യവനിക —

— 5 —

രംഗം 5

മങ്ങിയ വെളിച്ചം മാത്രമുള്ള പൂന്തോട്ടം. പൂങ്കുലകൾ വാടി വിളർത്തു ഞെട്ടിയിൽ തൂങ്ങിനില്ക്കുന്നു. ഘോരമായ ഇടിവെട്ടും മിന്നലും. ഉഗ്രമായ ഒരു മിന്നൽ. ആ പ്രകാശത്തിൽ വലിയൊരു സിംഹപ്രതിമയിൽ ചാരി രാമൻ വിദൂരതയിലേക്കു നോക്കിനില്ക്കുന്നതു കാണുന്നു. മിന്നലിനെ തുടർന്നു വീണ്ടും ഇടിവെട്ടി. ഒരു കാറ്റ് ഉഴറിക്കൊണ്ട് വന്നു ചെടികളെയും മരച്ചില്ലകളെയും പിടിച്ചുകുലുക്കി. കരിയിലകൾ പൊങ്ങിപ്പറന്നു വീണ്ടും തറയിൽ വീണു. രാമൻ പരിസരത്തെപ്പറ്റി ബോധം വെടിഞ്ഞ നിലയിൽ നില്പാണ്. ആരെയോ അന്വേഷിച്ചെന്നപോലെ ചുറ്റിലും അകലത്തും നോക്കിക്കൊണ്ട് ലക്ഷ്മണൻ കടന്നു വരുന്നു. പെട്ടെന്നൊരു മിന്നലും ഇടിവെട്ടും. മിന്നൽവെളിച്ചത്തിൽ രംഗം തെളിഞ്ഞുകാണുന്നു. ലക്ഷ്മണൻ ചിന്താഗ്രസ്തനായി നില്ക്കുന്ന രാമനെ കാണുന്നു. മെല്ലെ അടുത്തു ചെല്ലുന്നു; വിളിക്കുന്നു.

ലക്ഷ്മണൻ: ജ്യേഷ്ഠാ. (രാമൻ യന്ത്രപ്പാവപോലെ മുഖം തിരിക്കുന്നു; ലക്ഷ്മണനെ നോക്കുന്നു. മുഖത്തു വേദനയുടെ നിഴൽ വീശിയിയിരിക്കുന്നു?) ഈ ഏകാന്തതയിൽ നിന്നുകൊണ്ട് ജ്യേഷ്ഠനിത്ര കഠിനമായി ആലോചിക്കുന്നതെന്താണ്?

രാമൻ: (നിവർന്നു നിന്ന്) ഞാനീ കഴിഞ്ഞതു പലതും ആലോചിക്കുകയാണ്; മുഖ്യമായി? ആ മുഹൂർത്തത്തെപ്പറ്റി?

ലക്ഷ്മണൻ: ഏതു മുഹൂർത്തത്തെപ്പറ്റി

രാമൻ: യാഗാഗ്നിയിൽനിന്നു അച്ഛനു പായസം കിട്ടിയ ആ മുഹൂർത്തത്തെപ്പറ്റി. ഞാനതിനെ ശപിക്കുന്നു... ആ മുഹൂർത്തമാണ് നമ്മുടെ ജന്മം കുറിച്ചത്... ലക്ഷ്മണാ, പുത്രലാഭത്തിനുവേണ്ടി അച്ഛൻ യാഗം കഴിച്ചു. (പതുക്കെ മുൻപോട്ടു നടക്കുന്നു. ലക്ഷ്മണനെ സമീപിക്കുന്നു. ഇപ്പോൾ രണ്ടു പേരുടെ പിറകിലാണ് സിംഹപ്രതിമ) പുത്രദുഃഖംമൂലം വിലപിച്ച് വിലപിച്ച് അച്ഛൻ കണ്ണടച്ചു... ആ ദുരിതാനുഭവം അച്ഛൻ കാലേക്കൂട്ടി കണ്ടിരുന്നുവെങ്കിൽ, അങ്ങനെയൊരു യാഗത്തിനു മുതിരുമായിരുന്നോ? ഈ ദുർഭഗനായ രാമൻ ആത്മതുല്യം സ്നേഹിക്കുന്ന

സഹോദരനെ കാലാന്തരത്തിൽ വധിക്കുമെന്നറിഞ്ഞാൽ നമ്മുടെ അമ്മമാരാരെങ്കിലും ആ പായസം സ്വീകരിക്കുമായിരുന്നോ?

ലക്ഷ്മണൻ: അതൊക്കെ കഴിഞ്ഞുപോയ കാര്യങ്ങൾ.

രാമൻ: അതേ, കഴിഞ്ഞവയെ ഞാൻ ശപിക്കുന്നു... വരാനുള്ളവയെ വെറുക്കുന്നു. ലക്ഷ്മണാ, തന്റെ കഴിവിനെപറ്റി ഊറ്റം കൊള്ളുന്ന മനുഷ്യൻ ചിന്താശൂന്യനാണെന്നു ഞാൻ പറയും. ഉറപ്പിച്ചു പറയും. നിനക്കും, എനിക്കും, മറ്റുള്ളവർക്കും ഉണ്ടെന്നു നാം അഭിമാനംകൊള്ളുന്ന ആ കഴിവ് —ശക്തി— കാലത്തിന്റെ കൈയിൽ ഒരു നീർക്കുമിള മാത്രമാണ്. പതുക്കെ ഒന്നൂതിയാൽ പൊട്ടിത്തകർന്നു നാമാവശേഷമാകുന്ന നീർക്കുമിള മനുഷ്യൻ ഏതു യുഗത്തിലും ഇതിൽനിന്നു വ്യത്യസ്തനായിരിക്കയില്ല; തന്റെ പരിശ്രമത്തെച്ചൊല്ലിയും വിജയത്തെച്ചൊല്ലിയും അവൻ വീറോടെ പ്രസംഗിക്കുമ്പോൾ, കാലം പിറകിൽനിന്നു കാലുയർത്തുന്നുണ്ടാവും; എല്ലാം ചവുട്ടിത്തകർക്കാൻ. ഈ സത്യം ആരും ചിന്തിക്കാറില്ല. നീയും ഞാനും ഇതിൽ കുറ്റക്കാരാണ്. മനുഷ്യന്റെ ശക്തി നിസ്സാരമാണെന്ന് ഇവിടെ നിന്നുകൊണ്ടു ഞാൻ ഉറക്കെ പ്രഖ്യാപിക്കുന്നു... ജീവിതത്തിൽ പരാജയപ്പെട്ടതു കൊണ്ട് ഞാനിതു പറയുന്നതല്ല... ഇതു സത്യമാണ്! ഏതു യുഗത്തിലും ഇളക്കമില്ലാത്ത സത്യം! (ചിന്താമഗ്നനായി തലതാഴ്ത്തി നടക്കുന്നു?) (ലക്ഷ്മണൻ ഉത്തരം പറയാൻ വിഷമിച്ചു നില്ക്കുന്നു.) (അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം പെട്ടെന്നു തലയുയർത്തി) ഇന്നലെവരെ തലോടിയ കൈകൊണ്ട് ഇന്നു ഞാനനുഷ്ഠിക്കേണ്ട കർമമെന്താണ്? എന്താണ് ലക്ഷ്മണാ?

ലക്ഷ്മണൻ: (പതുക്കെ) ഞാനങ്ങയോട് ഒരു വരം ചോദിക്കാൻ വന്നതാണ്.

രാമൻ: എന്തു വരം? ഇനിയും വരദാനത്തിനു ശക്തിയുണ്ടോ നിന്റെ ജ്യേഷ്ഠന്?

ലക്ഷ്മണൻ: ജ്യേഷ്ഠന്റെ ശക്തി ഒട്ടും ക്ഷയിച്ചിട്ടില്ല.

രാമൻ: ക്ഷയിക്കുകയുമില്ല.

ലക്ഷ്മണൻ: ആ ചന്ദ്രതാരം ജ്യേഷ്ഠന്റെ ശക്തിയും യശസ്സും നിലനില്ക്കും.

രാമൻ: നിമ്മി വിശുദ്ധ സ്നേഹത്തിന് അതിര് കുറഞ്ഞൊന്നും ആഗ്രഹിക്കാൻ സാധ്യമല്ല; പ്രതീക്ഷിക്കാനും.

ലക്ഷ്മണൻ: ജ്യേഷ്ഠൻ സമചിത്തനായിരുന്നാൽ മതി.

രാമൻ: (സപരിഹാസം) പിന്നെന്തു വേണം?

ലക്ഷ്മണൻ: ഈ അനുജനു വളരെ ചെറിയൊരു വരം നല്കുകയും വേണം.

രാമൻ: ആവശ്യപ്പെട്ടോളൂ.

ലക്ഷ്മണൻ: അതിനുമുന്പ് തിരുമുമ്പിൽ ഒരു കാര്യം.

രാമൻ: (ഇടയിൽ തടഞ്ഞു) ലക്ഷ്മണാ ഇന്നെങ്കിലും ഈ മുഹൂർത്തത്തിലെങ്കിലും, ആ തിരുവടി തിരുമുൻപുമൊക്കെ നീയൊന്നു മാറ്റിവെക്കൂ. നിസ്സഹായതയുടെ നെടുവീർപ്പുകൊണ്ട് ഇടയ്ക്കിടെ ഞെട്ടിത്തെറിക്കുന്ന ഈ കിരീടം നിരന്തരക്ലേശത്തിന്റെ ചൂടേറ്റ് ഉരുകിത്താഴാൻ തുടങ്ങുന്ന ഈ കിരീടം തലയിലിരുന്ന് എന്തെ

പരിഹസിക്കുമ്പോൾ എന്തു തിരുവടിയാണ് ലക്ഷ്മണാ? പറയൂ നിന്റെ ജ്യേഷ്ഠനോട്, ദുർബലനായ ഈ രാമനോട് നിനക്കു പറയാനുള്ളതെന്തും തുറന്നുപറയൂ.

ലക്ഷ്മണൻ: അങ്ങു സത്യത്തിന്റെ പ്രവാചകനാണ്.

രാമൻ: സത്യത്തിന്റെ മഹാഭാരം ചുമന്നു തളർന്നവനെന്നു പറയൂ.

ലക്ഷ്മണൻ: ധർമ്മനിരതനെന്ന പേരിൽ ലോകം അങ്ങയെ വാഴ്ത്തുന്നു.

രാമൻ: (വേദനപുരണ്ട ചിരിയോടെ) പിന്നെ?

ലക്ഷ്മണൻ: അങ്ങ് നീതിയുടെയും…

രാമൻ: തടഞ്ഞുകൊണ്ട് മതി മതി, എന്റെ അപദാനങ്ങളെപറ്റിയാണ് പറയാനുള്ളതെങ്കിൽ നീ വിഷമിക്കേണ്ടാ. രാമൻ തൃപ്തിവരുവോളം അതു കേട്ടവനാണ്; അന്യരിൽ നിന്നും ബന്ധുക്കളിൽനിന്നും.

ലക്ഷ്മണൻ: ഒരു ജീവിതം മുഴുവനങ്ങു സത്യത്തിനുവേണ്ടി ഉഴിഞ്ഞു വെച്ചു. ഇന്നിതാ അവസാന പരീക്ഷണം വന്നെത്തിയിരിക്കുന്നു.

രാമൻ: (ദുസ്സഹദുഃഖത്തോടെ) തീവ്രമായ പരീക്ഷണം.

ലക്ഷ്മണൻ: അങ്ങു സമചിത്തനായി ഈ പരീക്ഷണത്തേയും നേരിടണം; വിജയം വരിക്കണം.

രാമൻ: (ലക്ഷ്മണന്റെ ഒടുവിലത്തെ വാക്കു കേട്ട്, അതുവരെ രാമന്റെ മുഖത്ത് മുറ്റിനിന്ന വേദനയും നിസ്സഹായതയും മാറി, പകരം പൗരുഷവും സന്തോഷവും തെളിയുന്നു. വാത്സല്യം നിറഞ്ഞുതുളുമ്പുന്ന സ്വരത്തിൽ സംസാരിക്കുന്നു.) ഈ നിമിഷംവരെ എന്റെ ഹൃദയം ഒരു പടക്കളമായിരുന്നു. സത്യവും സഹോദരസ്നേഹവും അവിടെ വെച്ചു പടവെട്ടി. തുല്യ ശക്തിയുള്ള രണ്ടെതിരാളികൾ. ഇതിലാരു ജയിക്കുമെന്നു ഞാൻ നോക്കിനിന്നു. (വിജയഭാവത്തിൽ) ഇതാ ഒടുവിൽ സഹോദരസ്നേഹം സത്യത്തെ പരാജയപ്പെടുത്തിയിരിക്കുന്നു. (ആവേശത്തോടെ കൈനീട്ടി) വരു അനുജാ, വരു, എന്റെ മാറത്തു വിശ്രമിക്കു. (മുൻപോട്ടടുക്കുന്നു.)

ലക്ഷ്മണൻ മരപ്പാവകണക്കെ നോക്കിനില്ക്കുന്നു.

രാമൻ: (കൈനീട്ടി കെട്ടിപ്പുണരാനടുക്കുന്നു.) നിന്റെ പേരിലുള്ള വാത്സല്യം അത്രയും ശക്തിമത്താണ്, ലക്ഷ്മണാ… അതിനെ ജയിക്കാൻ തക്ക കരുത്തുള്ള യാതൊന്നും ഈ പ്രപഞ്ചത്തിലില്ല. വരൂ, അനുജാ… (കെട്ടിപ്പുണരുന്നു, ലക്ഷ്മണൻ ഒരു കുട്ടിയെപ്പോലെ രാമന്റെ ആശ്ലേഷത്തിൽപ്പെട്ടു നില്ക്കുന്നു.) ഈ ബന്ധം അറുത്തുകളയാൻ ആർക്കും സാധിക്കില്ല. (പതുക്കെ) ഋഷിമാർക്കോ ദേവകൾക്കോ അസുരന്മാർക്കോ സാധിക്കില്ല. നമ്മെ വേർപെടുത്താൻ കെല്പുള്ള യാതൊരു ശക്തിയുമില്ല (ആശ്ലേഷത്തിൽനിന്നു വിട്ടു വാത്സല്യപൂർവം ലക്ഷ്മണന്റെ തോളിൽ കൈവെച്ചു നില്ക്കുന്നു.) ഈ മനോഹര രംഗം കണ്ടു സ്വർഗത്തിലുള്ള നമ്മുടെ

അമ്മമാരു് രോമാഞ്ചം കൊള്ളുന്നുണ്ടാവും... നോക്കു ലക്ഷ്മണാ, നമ്മുടെ ബാലലീലകൾക്കു് സാക്ഷ്യംവഹിച്ച ആ കൊട്ടാരത്തോപ്പു് ആനന്ദനൃത്തം ചെയ്യുന്നു... (തന്നോടെന്ന മട്ടിൽ) സത്യവും ധർമ്മവുമൊക്കെ നമ്മുടെ ജീവിതത്തിൽനിന്നു തെല്ലിട മാറിനില്ക്കട്ടെ. (ലക്ഷ്മണൻ അറിയാതെ ഞെട്ടുന്നു. തുടർന്നു പറയുന്നു) സ്നേഹത്തിന്റെ ചെങ്കോലിവിടെ ഭരണം നടത്തട്ടെ.

ലക്ഷ്മണൻ: (രാമന്റെ കൈ തോളിൽനിന്നു പതുക്കെ എടുത്തുമാറ്റുന്നു. ആശ്ചര്യത്തോടുകൂടി ചോദിക്കുന്നു) ജ്യേഷ്ഠനെന്താണു് പറഞ്ഞതു്? സത്യവും ധർമ്മവും നമ്മുടെ ജീവിതത്തിൽ നിന്നു തെല്ലിട മാറിനില്ക്കണമെന്നാണോ? (രാമൻ അസ്വസ്ഥനാവുന്നു.) കഴിഞ്ഞ കാലങ്ങളെ അങ്ങു മറന്നുപോയോ? ഓരോ വിഷമഘട്ടത്തിലും അങ്ങെനിക്കു് തന്ന വിലയേറിയ ഉപദേശങ്ങളെ വേദാന്തസൂക്തങ്ങളെ അങ്ങു മനപൂർവ്വം മറന്നുകളഞ്ഞോ? സത്യത്തിനുവേണ്ടി രാജ്യം വെടിഞ്ഞു; ധർമ്മത്തിനുവേണ്ടി ധർമ്മദാരങ്ങളെ പരിത്യജിച്ചു കായികവും മാനസികവുമായ നിരവധി ക്ലേശങ്ങളനുഭവിച്ചു— ഇതെല്ലം എന്തിനുവേണ്ടിയായിരുന്നു ജ്യേഷ്ഠാ?

രാമൻ: ലക്ഷ്മണനെ വധിച്ചു സത്യത്തെ രക്ഷിക്കാൻ ഞാനുദ്ദേശിക്കുന്നില്ല.

ലക്ഷ്മണൻ: ഈ തീരുമാനം വളരെ നേരത്തെ ആവാമായിരുന്നില്ലേ? കൈകേയി മാതാവിന്റെ അഭിലാഷത്തിനുമുൻപിൽ എന്തിനു വഴങ്ങിക്കൊടുത്തു? സത്യത്തെ ധിക്കരിക്കമെങ്കിൽ അന്നതു ചെയ്യാമായിരുന്നില്ലേ?

രാമൻ: (തെല്ലിട മൗനം) തീർന്നോ ലക്ഷ്മണാ?

ലക്ഷ്മണൻ: ഈ സഹോദരസ്നേഹം അന്ധമാണ്.

രാമൻ: ലക്ഷ്മണന്റെ അഭിപ്രായമതാണോ?

ലക്ഷ്മണൻ: (കേൾക്കാത്ത മട്ടിൽ) ധർമ്മത്തിന്റെ മുൻപിൽ വിലങ്ങടിച്ചു നില്ക്കാൻ ഇതിനെ അനുവദിച്ചുകൂടാ. (തൊണ്ടയിടറി) ശിക്ഷിച്ചാലും രക്ഷിച്ചാലും ഈ ജ്യേഷ്ഠൻ എന്നും എന്റെ ജ്യേഷ്ഠനായിരിക്കും. രഘുവംശത്തിനു കളങ്കം പറ്റിക്കൂടാ. നാളെ ലോകമെന്തു പറയും? ധർമ്മനിരതായ ജ്യേഷ്ഠനെ സഹോദരസ്നേഹവാത്സ്യല്യത്തിന്റെ പേരിൽ വഴിതെറ്റിച്ചവനാണു് ഈ ലക്ഷ്മണനെന്നു ലോകം എന്നെ അപഹസിക്കില്ലേ...

രാമൻ: (ലക്ഷ്മണൻ പറഞ്ഞവസാനിപ്പിക്കുന്നതിനുമുൻപു്) ഏതാപത്തിലും തന്നെ പിൻതുടർന്ന സ്നേഹസമ്പന്നനായ അനുജനെ നിഷ്കരുണം വധിച്ച കൊലപാതകിയാണെന്നു രാമനെ ലോകം നിന്ദിച്ചുകൊള്ളട്ടെ; അല്ലേ ലക്ഷ്മണാ?

ലക്ഷ്മണൻ: (രാമന്റെ വാക്കു് ശ്രദ്ധിക്കാതെ) അതുകൊണ്ടു, നമ്മുടെ വംശത്തിനുവേണ്ടി, ജ്യേഷ്ഠനുവേണ്ടി, എനിക്കുവേണ്ടി ഞാൻ ചെറിയൊരു വരം ആവശ്യപ്പെടുന്നു.

രാമൻ: എന്തു വരം.

ലക്ഷ്മണൻ: (മുൻപോട്ടു നീങ്ങി രാമന്റെ മുൻപിൽ മുട്ടുകുത്തി നിന്നു കൊണ്ടു്) അങ്ങു് എന്നെ വധിച്ചു ധർമ്മത്തെ രക്ഷിക്കു. (പെട്ടെന്നു രംഗത്തുള്ള വെളിച്ചം തീരെ

ഇല്ലാതാവുന്നു; ഇരുട്ടു പരക്കുന്നു. അല്പനിമിഷത്തിനുശേഷം ഒരു ഇടിവാൾ മിന്നുകയും തുടർന്നു പ്രപഞ്ചം കലുക്കുന്ന ഒരു ഇടി വെട്ടുകയും ചെയ്യുന്നു. വീണ്ടും വെളിച്ചം വരുമ്പോൾ രാമൻ കൽപ്രതിമപോലെ നില്ക്കുകയും ലക്ഷ്മണൻ കൈ കൂപ്പി പ്രാർത്ഥിക്കുകയും ചെയ്യുന്നു.) **ജ്യേഷ്ഠൻ ശങ്കിക്കരുത്. നമ്മുടെ വംശത്തിനുവേണ്ടി ജ്യേഷ്ഠനു വേണ്ടി ഈ ലക്ഷ്മണൻ സന്തോഷത്തോടുകൂടിമരിക്കാം.** (കണ്ണടച്ച്, തലതാഴ്ത്തി, കഴുത്തു നീട്ടി) **ആത്മതുല്യം എന്നെ സ്നേഹിക്കുന്ന എന്റെ ജ്യേഷ്ഠന്റെ കൈകൊണ്ടു മരിക്കാൻ ഞാനെത്ര പുണ്യം ചെയ്യണം? ഒരു പൂമാല പോലെ ആ കരവാൾ എന്റെ കഴുത്തിൽ വീഴട്ടെ.**

രാമൻ ലക്ഷ്മണന്റെ ഒടുവിലത്തെ വാക്കുകേട്ടു ചെറുതായൊന്നു ഞെട്ടുന്നു. പിൻതിരിഞ്ഞു നടക്കുന്നു. വീണ്ടും തിരിച്ചു വരുന്നു. ഒന്നും ചെയ്യാനോ പറയാനോ കഴിയാതെ വിഷമിക്കുന്നു. ഒടുവിൽ പതുക്കെ നടന്നു സിംഹപ്രതിമയുടെ അടുത്തുചെന്നു അവശതയോടെ അതിൽ ചാരി നില്ക്കുന്നു.

ലക്ഷ്മണൻ: (അല്പനേരത്തിനുശേഷം, ലക്ഷ്മണൻ തലയുയർത്തി നോക്കുന്നു. എഴുന്നേറ്റു രാമന്റെ സമീപം ചെല്ലുന്നു. പതുക്കെ വിളിക്കുന്നു) **ജ്യേഷ്ഠാ!**

രാമൻ: ഒട്ടും ചലനമില്ലാതെ ലക്ഷ്മണനെ നോക്കുന്നു. വേദനയോടെ സംസാരിക്കുന്നു.) **നീയാവശ്യപ്പെട്ട വരം വിചിത്രമായിരിക്കുന്നു... ഈ രാമനെ, നിന്റെ പ്രിയപ്പെട്ട ജ്യേഷ്ഠനെ, ഹൃദയത്തിൽനിന്ന് നീ പിഴുതെറിഞ്ഞുകളഞ്ഞു. ഇല്ലേ ലക്ഷ്മണാ?**

ലക്ഷ്മണൻ: **ഞാനെന്റെ ജ്യേഷ്ഠനെ ഹൃദയത്തിൽ കൂടുതൽ പ്രതിഷ്ഠിക്കുകയാണുണ്ടായത്. അവിടുത്തെ ഉപദേശം തന്നെ ഞാനാവർത്തിക്കട്ടെ. നാം കാലത്തിന്റെ കൈയിലെ കളിപ്പാട്ടങ്ങളില്ലേ? ഈ ബന്ധവും സ്നേഹവുമെല്ലാം നശ്വരങ്ങളല്ലേ? നാശത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ധർമ്മത്തെ സംരക്ഷിക്കാൻ കഴിഞ്ഞാൽ അതെങ്കിലുമൊരു നേട്ടമായി? കണക്കാക്കിക്കൂടേ?**

രാമൻ: **ലക്ഷ്മണൻ പറയുന്ന ആ ധർമ്മത്തിലുപരി സഹോദരബന്ധത്തെ ഞാൻ കാണുന്നു. ആ ബന്ധത്തിനുവേണ്ടി എല്ലാമുപേക്ഷിക്കാൻ ഞാൻ തയ്യാറാണ്.** (നിവർന്നുനിൽക്കുന്നു. ലക്ഷ്മണനെ സമീപിച്ച് ചോദിക്കുന്നു.) **നീ എന്നെ സ്നേഹിക്കുന്നില്ലേ?**

ലക്ഷ്മണൻ: **എന്തിലുമുപരി.**

രാമൻ: (ഉറയിൽനിന്ന് വാളൂരി) **എങ്കിൽ ഇതാ ഇതു വാങ്ങൂ.** (ലക്ഷ്മണൻ വാങ്ങുന്നു.) **നീ ആവശ്യപ്പെട്ട വരം മറ്റൊരു രൂപത്തിൽ തിരിച്ചുതരുന്നു. എന്തിലുമുപരി നീയെന്നെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്റെ കഴുത്തറുത്ത് ഈ ധർമ്മസങ്കടത്തിൽ നിന്നു വേദനയിൽനിന്ന് നീയെന്നെ രക്ഷിക്കൂ.**

ലക്ഷ്മണൻ: (അസഹ്യതയോടെ) **എന്ത്? എന്താണ് ജ്യേഷ്ഠൻ കല്പിച്ചത്.**

രാമൻ: (അല്പംകൂടി അടുത്ത്) ഉം! വേഗമാവട്ടെ എന്തിനു മടിക്കണം?

ലക്ഷ്മണൻ: വയ്യ, ജ്യേഷ്ഠാ, വയ്യ. എന്നെ പരീക്ഷിക്കരുത്.

രാമൻ: വയ്യാ, അല്ലേ? (കഠിനമായ വേദനയോടെ) നീ മടിക്കുന്നു, നിന്റെ ഹൃദയം വെറുക്കുന്ന നീചകൃത്യം നിന്റെ ജ്യേഷ്ഠൻ അനുഷ്ഠിക്കണമെന്ന്! നിന്റെ സ്നേഹശൂന്യതയെ ഞാൻ പൊറുക്കാം. പക്ഷേ, ഈ സ്വാർഥം? അതെങ്ങനെ ഞാൻ പൊറുക്കും? അവനവനു ചെയ്യാൻ കഴിയാത്തതു മറ്റുള്ളവരെ നിർബന്ധിച്ച് ചെയ്യിക്കുക... (മിണ്ടാതെ നടക്കുന്നു. തിരിഞ്ഞുനിന്ന് ചോദിക്കുന്നു.) നിന്റെ വരം നിനക്കിനി വേണോ ലക്ഷ്മണാ? (ലക്ഷ്മണന്റെ കൈയിൽനിന്ന് വാൾ തിരിച്ചുവാങ്ങി ഉറയിലിട്ടു, വേദനയോടെ പറയുന്നു.) ഈ നിർഭാഗ്യവാനായ രാമനെ ലോകം ശരിയായ അർഥത്തിൽ മനസ്സിലാക്കിയാൽ മതി. സത്യപാരായണവും ധർമ്മനിഷ്ഠനുമായ രാമൻ ആരും കാണാതെ ഏകാന്തതയിലിരുന്ന് ഭൂമിയിലേക്കൊഴുകിയ കണ്ണീരിന്റെ ഒരു കണികയെങ്കിലും ലോകം കണ്ടെത്തിയാൽ മതി. രാമന്റെ നിർഭാഗ്യം, രാമന്റെ ധർമ്മസങ്കടം, രാമന്റെ സ്നേഹം — ഇതൊക്കെ ശരിയായ അർഥത്തിൽ അംഗീകരിച്ചാൽ മതി... സത്യം പുലർത്താൻ, ധർമ്മം സംരക്ഷിക്കാൻ, ആയുധമേന്തിയ നിർദ്ദയനായ ഒരു കാട്ടാളനായിരുന്നു രാമനെന്ന് ലോകം പഴി പറയാതിരിക്കട്ടെ. (തിരിച്ചു വീണ്ടും സിംഹപ്രതിമയുടെ സമീപം ചെന്ന് അവശനായി അതിൽ ചാരുന്നു.) ലക്ഷ്മണാ, എന്നെ തനിച്ചു വിടൂ! എന്റെ അസ്വസ്ഥമായ ഹൃദയത്തിലെ; കൊടുങ്കാറ്റൊന്ന് ശമിക്കട്ടെ; പിന്നെ വരൂ.

രംഗം ക്രമേണ ഇരുളാൻ തുടങ്ങുന്നു. കഠിനമായി ഇടിവെട്ടും മിന്നലും. മിന്നൽവെളിച്ചത്തിൽ ഇടയ്ക്കിടെ രാമനേയും ലക്ഷ്മണനേയും കാണുന്നു. രാമൻ സിംഹപ്രതിമയിൽ ചാരി കൈകൊണ്ട് തലയും താങ്ങി നില്ക്കുകയാണ്. ലക്ഷ്മണൻ ആദ്യം നിന്ന സ്ഥലത്ത് ഒരു പ്രതിമപോലെ നില്ക്കുകയാണ്. തുടരെത്തുടരെയുള്ള ഇടിയും മിന്നലും കഴിഞ്ഞു രംഗം പൂർണമായ നിശ്ശബ്ദതയിലും, കനത്ത ഇരുട്ടിലും മൂടിനില്ക്കുന്നു. അല്പനിമിഷങ്ങൾക്കുശേഷം വളരെ വിദൂരതയിൽനിന്ന് ശ്രീരാമനെ പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു സ്വരം ഉയരുന്നു. ഒരു ഭജനഗാനമാണ്. ആ ഗാനം അടുത്തടുത്തു വരുന്നതിനനുസരിച്ചു രംഗം വീണ്ടും പ്രകാശിക്കുന്നു. രാമനും ലക്ഷ്മണനും ശ്രദ്ധിക്കുന്നു. രംഗത്തു പൂർണപ്രകാശം വീഴുമ്പോൾ ഒരു വശത്തുടെ വസിഷ്ഠൻ കടന്നുവരുന്നു. രാമനും ലക്ഷ്മണനും ഒരുമിച്ച് അറിയാതെ മുൻപോട്ടു നീങ്ങുന്നു. രണ്ടുപേരുടെയും മധ്യത്തിലൂടെ വസിഷ്ഠൻ രംഗത്തിന്റെ മധ്യഭാഗത്തെത്തി നില്ക്കുന്നു. രാമനും ലക്ഷ്മണനും ഇരുവശങ്ങളിലായി നിൽപുറപ്പിക്കുന്നു. ഇപ്പോൾ സിംഹപ്രതിമ വസിഷ്ഠന്റെ തൊട്ടുപിറകിലാണ്. ആചാര്യാ പ്രണാമം (തല കുനിക്കുന്നു.) ലക്ഷ്മണനും തല കുനിക്കുന്നു.

വസിഷ്ഠൻ: (കൈകൾ പൊക്കി രണ്ടു പേരുടേയും മൂർധാവിൽ വെച്ച കൊണ്ട്.) കുശലീ ഭവ.

ലക്ഷ്മണൻ: അങ്ങ് ഈ സന്ദർഭത്തിലിവിടെ എഴുന്നള്ളിയതു ഭാഗ്യമായി (വസിഷ്ഠൻ മാറിമാറി രണ്ടുപേരുടേയും ഭാവം ശ്രദ്ധിക്കുന്നു. സൂക്ഷിച്ച് പഠിക്കുന്നു.)

രാമൻ: തക്ക സന്ദർഭത്തിലായി ഈ എഴുന്നള്ളത്ത്. അയോധ്യ വീണ്ടും ഇരുട്ടിലേക്കു നീങ്ങുകയാണ്.

വസിഷ്ഠൻ: രാമഭദ്രന്റെ സാന്നിധ്യത്തിലും അങ്ങനെ സംഭവിക്കുമെന്നോ?

രാമൻ: ആചാര്യ, ഈ രാമനിന്നു ബലഹീനനാണ്.

വസിഷ്ഠൻ: ഇതൊരു കുറ്റസമ്മതമാണോ?

ലക്ഷ്മണൻ: അങ്ങു രഘുവംശത്തെ രക്ഷിക്കണം. ഈ ജ്യേഷ്ഠൻ ഇന്നാദ്യമായി ധർമ്മത്തിൽനിന്നു ഒളിച്ചോടുകയാണ്. ഒരു ഭീരുവെപ്പോലെ കർത്തവ്യത്തിന്റെ മുമ്പിൽ ചൂളുകയാണ്.

രാമൻ: അതു ഭീരുത്വമാണെങ്കിൽ ഭീരുത്വത്തെ ഞാൻ ആദരിക്കുന്നു ആചാര്യ. രഘുവംശത്തിന്റെ ജയക്കൊടി നാട്ടിയ പിതൃപിതാമഹന്മാരെ ഞാനിപ്പോൾ എന്റെ മുൻപിൽ കാണുന്നു. അവരുടെ കീർത്തി ആചന്ദ്രതാരം നിലനില്ക്കട്ടെ (ശബ്ദം താഴ്ത്തി) അങ്ങു ഞങ്ങളുടെ കുലഗുരുവാണ്. ഞങ്ങളുടെ വംശാവലിപ്പട്ടികയിൽ നിന്ന് അങ്ങ് ഈ രാമന്റെ പേര് വെട്ടിക്കളയണം.

വസിഷ്ഠൻ: (പുഞ്ചിരിയോടെ) ഇതെന്തു വിചിത്രമായ അഭ്യർഥന?

ലക്ഷ്മണൻ: ആചാര്യാ, ഈ ലക്ഷ്മണന്റെ നിവേദനം അങ്ങ് ചെവിക്കൊള്ളണം. ജ്യേഷ്ഠൻ വിഷമിക്കുന്നതു കേവലം നിസ്സാരമായ ഒരു കാര്യത്തെച്ചൊല്ലിയാണ്. ഇന്നുവരെ ക്ലേശിച്ചാർജ്ജിച്ച പുണ്യപരമ്പരയെ തട്ടിത്തെറിപ്പിക്കാനൻ അങ്ങനുവദിക്കരുത്. ഞങ്ങളുടെ കുലഗുരുവായ ആചാര്യൻ കല്പിക്കണം, ലക്ഷ്മണനെ വധിച്ച് ജ്യേഷ്ഠനോടു ധർമ്മത്തെ ജയിക്കാൻ.

രാമൻ: അനുജനെ വധിച്ചു ധർമ്മത്തെ രക്ഷിക്കാൻ രാമൻ തയ്യാറില്ല;

ലക്ഷ്മണൻ: ആചാര്യൻ കല്പിക്കില്ലേ?

രാമൻ: അത്ര കഠിനഹൃദയനാണോ ആചാര്യൻ?

ലക്ഷ്മണൻ: പറയൂ, ഗുരോ, അങ്ങു കല്പിക്കില്ലേ.

രാമൻ: അങ്ങയുടെ വാത്സല്യ ഭാജനമായ രാമനോട് അങ്ങേയ്ക്കു ദയയില്ലെന്നോ?

ലക്ഷ്മണൻ: ഇത് അവസാനത്തെ പരീക്ഷണമാണ് ഇതിലും ജ്യേഷ്ഠൻ ജയിക്കണം. ഇല്ലെങ്കിൽ എല്ലാം നശിക്കും.

രാമൻ: അതു പ്രപഞ്ചനിയമമാണ്. എല്ലാം നാശത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പറയൂ ആചര്യാ, നശിക്കാത്തത് വല്ലതുമുണ്ടോ?

വസിഷ്ഠൻ: ധർമം അതുമാത്രം നശിക്കില്ല.

രാമൻ: അതനുഷ്ഠിക്കുന്ന മനുഷ്യൻ? അവനു നാശമില്ലേ ഗുരോ? രഘുവംശത്തിന്റെ കാര്യം തന്നെയെടുക്കാം. അല്ലെങ്കിൽ, എന്തിനു മുഴുവനായെടുക്കുന്നു?

ഞങ്ങളുടെ പിതാവാരായിരുന്നു? അദമ്യശക്തിയുടെ തീനാളം സ്വർഗത്തിലോളമെത്തിച്ച മഹാപുരുഷനായിരുന്നില്ലേ? അദ്ദേഹമിന്നെവിടെ അദ്ദേഹത്തിന്റെ പൂർവികരെവിടെ?

വസിഷ്ഠൻ: അവരുടെ ഭൗതിക ദേഹമേ നശിച്ചിട്ടുള്ളൂ? കീർത്തി ഇന്നും നിലനില്ക്കുന്നു.

രാമൻ: കീർത്തിയുടെ കാര്യത്തിലും ഞാൻ അനശ്വരത കാണുന്നില്ല. സൂര്യോദയത്തിൽ നക്ഷത്രങ്ങൾ മങ്ങുംപോലെ പുതിയ പുതിയ കീർത്തികൾ പൂത്തും തളിർത്തും വരുമ്പോൾ പഴയവ മങ്ങുന്നു; വിസ്മരിക്കപ്പെടുന്നു. ത്രികാലജ്ഞനായ ആചാര്യന് എല്ലാം അറിയാവുന്നതല്ലേ?

വസിഷ്ഠൻ: എല്ലാം അറിയുന്നതാണ് കുഴപ്പം.

ലക്ഷ്മണൻ: ജീവിതത്തിൽ ഇന്ന് ആദ്യമായി ജ്യേഷ്ഠൻ ഒരു പ്രതിജ്ഞ ലംഘിക്കാനൊരുങ്ങുകയാണ്.

രാമൻ: ഒരുക്കത്തിന്റെ സമയം കഴിഞ്ഞു.

ലക്ഷ്മണൻ: ഇന്നോളം അയോധ്യയെ നേർവഴിക്കു നയിച്ച ആചാര്യൻ തന്നെ ഈ പ്രശ്നത്തിനൊരു പരിഹാരം നിർദ്ദേശിക്കണം.

വസിഷ്ഠൻ: ആകസ്മികസംഭവങ്ങൾകൊണ്ട് നെയ്തെടുത്തതാണ് ഈ അയോധ്യ. ഇടിവെട്ടിനുമുൻപ് ഒരു മിന്നൽപിണരെങ്കിലുമുണ്ടാവും. പക്ഷേ, അയോധ്യയിലെ സംഭവങ്ങൾ ഇടിവെട്ടിനേക്കാൾ ആകസ്മികങ്ങളാണ്. ജനങ്ങളൊന്നു പ്രതീക്ഷിക്കും. പ്രതീക്ഷകളെ തട്ടിത്തകർത്തുകൊണ്ട് മറ്റൊന്നു സംഭവിക്കും. ഇതാ ഇന്നും അതുപോലൊരു സംഭവത്തോടേറ്റുമുട്ടി അയോധ്യ നടുങ്ങുന്നു.

ലക്ഷ്മണൻ: നല്ലതിനുള്ള നടുക്കങ്ങളും ചിലപ്പോൾ അനുഭവപ്പെടും.

വസിഷ്ഠൻ: ചുരുക്കിപ്പറയാം. ഈ പരീക്ഷണത്തിലും അയോധ്യ ജയിക്കണം. രാമൻ ജയിക്കണം.

രാമൻ: ഇല്ല ഗുരോ, അതു സാധ്യമല്ല

വസിഷ്ഠൻ: ഞാൻ നിങ്ങളുടെ ആചാര്യനല്ലേ? വിജയത്തിലേക്കുള്ള മാർഗം ഞാൻ നിർദ്ദേശിക്കാം. (അല്പനേരത്തെ മൗനം) രാമാ...

രാമൻ: ആചാര്യാ!

വസിഷ്ഠൻ: പ്രതിജ്ഞ പാലിക്കുകതന്നെ വേണം. (രാമൻ മിണ്ടാതെ നില്ക്കുന്നു.) സ്മൃതികളും വേദങ്ങളും ഉദ്ഘോഷിക്കുന്നതെന്തെന്നറിയാമോ? വധവും തിരസ്കാരവും ഒന്നാണ്. നാം സ്നേഹിക്കുന്നവരെ മനസ്സിൽനിന്നകറ്റുക. (രാമനും ലക്ഷ്മണനും ഒരുമിച്ചു ഞെട്ടുന്നു.) (തുടർന്നു പറയുന്നു) അതു വധത്തിന്റെ ഫലം ചെയ്യും. വധമാണെങ്കിൽ നടക്കുന്നുമില്ല. അതുകൊണ്ട് പ്രതിജ്ഞ നിറവേറ്റി ധർമ്മത്തെ രക്ഷിക്കാനുള്ള ഏറ്റവും എളുപ്പമാർഗ്ഗം അതാണ്. അതിലെ സഞ്ചരിച്ചു ധർമ്മത്തെ രക്ഷിക്കൂ.

രാമൻ: (വേദനയോടെ) ലക്ഷ്മണനെ ഉപേക്ഷിക്കുക?

വസിഷ്ഠൻ: അതേ.

ലക്ഷ്മണൻ: ആചാര്യാ, അങ്ങ് അല്പംകൂടി കരുണ കാണിക്കണം. (അല്പംകൂടി അടുത്തുനിന്ന്) ഈ ജ്യേഷ്ഠന്റെ ഹൃദയത്തിൽ നിന്ന് എന്നെന്നേക്കുമായി ലക്ഷ്മണനെ പറിച്ചെറിയുകയോ?

രാമൻ: ആചാര്യാ ലക്ഷ്മണൻ എന്റെ ആത്മാവാണ്. അവനെ ഉപേക്ഷിക്കുകയെന്നു പറഞ്ഞാൽ?

ലക്ഷ്മണൻ: വേണ്ടാ, ഈ എളുപ്പമാർഗം വേണ്ടാ.

രാമൻ: തിരസ്കാരത്തിലും ഭേദം വധമാണ്.

ലക്ഷ്മണൻ: ഞാൻ സന്തോഷത്തോടെ മരിക്കാം.

വസിഷ്ഠൻ: (പുഞ്ചിരിയോടെ) വധത്തിന്റെ കാര്യം വന്നപ്പോൾ വയ്യാ. തിരസ്കാരത്തിന്റെ നിബന്ധനയായപ്പോൾ തീരെ വയ്യാ... സ്നേഹമുള്ളിടത്ത് ഇത്തരം ചാപല്യങ്ങൾ ധാരാളമാണ്... അന്നു ലങ്കയിൽ ഇന്ദ്രജിത്തിന്റെ അസ്ത്രമേറ്റു ബോധശൂന്യരായ നിങ്ങൾ ഉണർന്നില്ലെന്നു വിചാരിക്കൂ. എന്നാൽ പിന്നെ ഈ ബഹളത്തിനൊന്നും കാര്യമില്ല; നിസ്സാരന്മാരെപ്പോലെ ചാപല്യം കാട്ടരുത്.

രാമൻ: ആചാര്യാ ഇതു ചാപല്യമാണോ?

വസിഷ്ഠൻ: (ലക്ഷ്മണന്റെ നേരെ തിരിഞ്ഞു തികഞ്ഞ ഗൗരവത്തോടെ വിളിക്കുന്നു.) ലക്ഷ്മണാ...

ലക്ഷ്മണൻ: ആചാര്യാ!

വസിഷ്ഠൻ: ഇങ്ങനെ ബലഹീനനാവരുത്.

ലക്ഷ്മണൻ: അടിയനെന്തുവേണമെന്നു കല്പിക്കണം.

വസിഷ്ഠൻ: രഘുവംശത്തെ, ഈ നില്ക്കുന്ന നിന്റെ ജ്യേഷ്ഠനെ, ധർമ്മത്തെ രക്ഷിക്കേണ്ട ചുമതല നിന്റേതാണ്.

ലക്ഷ്മണൻ: കല്പിക്കുന്നതെന്തും ചെയ്യാനടിയൻ തയ്യാറാണ്.

വസിഷ്ഠൻ: ആദ്യമായി ബലഹീനത കളയൂ. (ലക്ഷ്മണൻ കണ്ണീരൊപ്പുന്നു.) നിന്റെ പൗരുഷം വീണ്ടെടുക്കൂ.

ലക്ഷ്മണൻ: (ഗദ്ഗദംകൊണ്ട് തടയപ്പെട്ടാണെങ്കിലും കനത്ത സ്വരത്തിൽ സംസാരിക്കുന്നു) ഈ ലക്ഷ്മണൻ ഇന്നുവരെ ജീവിച്ചതു ജ്യേഷ്ഠനുവേണ്ടിയാണ്. ജ്യേഷ്ഠനു വേണ്ടി എന്തു ത്യാഗം സഹിക്കാനും ഞാനൊരുക്കമാണ്. വധമോ തിരസ്കാരമോ എന്തും.

വസിഷ്ഠൻ: രാമാ... ധർമ്മത്തിനുവേണ്ടി പറയൂ... (രാമൻ നിശ്ചലനായി നില്ക്കുന്നു.) ലക്ഷ്മണനെ എന്നെന്നേക്കുമായി ഉപേക്ഷിച്ചെന്നു പറയൂ. (രാമൻ കഠിനമായ ദുഃഖത്തോടെ മുഖം തിരിക്കുന്നു.) ഉം! പറയൂ.

രാമൻ: (ഗദ്ഗദസ്വരത്തിൽ വിളിക്കുന്നു.) ലക്ഷ്മണാ... (അപ്പുറം പറയാൻ കഴിയാതെ വിഷമിക്കുന്നു)

ലക്ഷ്മണൻ: ആചാര്യാ, എന്നെ മുൻപിൽ കണ്ടുകൊണ്ട് ജ്യേഷ്ഠനിതു പറയാൻ വിഷമമുണ്ടാവും. തിരസ്കാരത്തിനു മുൻപുതന്നെ ഞാൻ വിടവാങ്ങാം. (ഉള്ളിൽ തിങ്ങിവിങ്ങുന്ന ദുഃഖം ബലമായി ഒതുക്കിക്കൊണ്ടു രാമനെ സമീപിക്കുന്നു.) ജ്യേഷ്ഠാ… വിടതരു! അവസാനമായി ഞാനവിടുത്തെ പാദങ്ങളിലൊന്നു നമസ്കരിക്കട്ടെ…

(സാഷ്ടാംഗം നമസ്കരിക്കുന്നു.)

രാമൻ കണ്ണിൽ വെള്ളം നിറച്ചുകൊണ്ടു വിദൂരതയിലേക്ക് നോക്കിനില്ക്കുന്നു. നമസ്കരിച്ചെഴുന്നേൽക്കുന്ന ലക്ഷ്മണന്റെ മൂർധാവിൽ കൈവെക്കുന്നു.

ലക്ഷ്മണൻ എഴുന്നേറ്റു വസിഷ്ഠനേയും നമസ്കരിച്ചു പതുക്കെ പിൻതിരിഞ്ഞു പുറത്തേക്ക് നടക്കാൻ തുടങ്ങുന്നു.

രാമന്റെ ചുണ്ടുകൾ അസ്പഷ്ടമായി എന്തോ ഉച്ചരിക്കുന്നുണ്ട്. കണ്ണീർ കവിളിലൂടെ ഒഴുകുന്നു…

ലക്ഷ്മണൻ പതുക്കെ രണ്ടടി മുന്നോട്ടുവെക്കുമ്പോൾ ആകാശത്തുനിന്നു പതുക്കെ പൂമഴ ആരംഭിക്കുന്നു… അതു ക്രമേണ വർധിച്ചു ലക്ഷ്മണനെ മൂടുന്നു. വസിഷ്ഠനും രാമനും ആ രംഗം നോക്കിനില്ക്കുന്നു.

— യവനിക —

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.